സഹ്യനാദം

Vol. 7 No. 5 May 2010

C. 10/10

സർക്കുലർ

2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോമലബാർ സഭാ മെത്രാന്മാരുടെ 18-ാമത് സിനഡിന്റെ ആദ്യസമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ,

പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 18-ാമത്തെ സിനഡിന്റെ ആദ്യ സമ്മേളനം 2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങളേവരെയും അറിയിക്കുന്നതിന് എനിക്ക് ഏറെ സന്തോഷമുണ്ട്. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം മെത്രാന്മാർ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചും വി. കുർബാന അർപ്പിച്ചും സിനഡിന് ആത്മീയമായി ഒരുങ്ങുകയും ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തു. ബിജ്നോർ രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോൺ വടക്കേൽ സി.എം.ഐ. ഉൾപ്പെടെ 36 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. എന്റെ രോഗാവസ്ഥയിൽ വിവരങ്ങൾ അന്വേഷിച്ചും ആശ്വാസവചനങ്ങൾ അറിയിച്ചും പ്രാർത്ഥിച്ചും എന്നെ സഹായിച്ച നിങ്ങളെല്ലാവരോടും ഞാൻ നന്ദി പറയുന്നു. ഇനിയും നിങ്ങളുടെ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ സിനഡിലെ തീരുമാനങ്ങളും മറ്റും സർക്കുലർവഴി നിങ്ങളെ ഞാൻ അറിയിച്ചിരുന്നല്ലോ. അതനുസരിച്ച് വൈദികവർഷാ

ചരണത്തിന്റെ ഭാഗമായി നമ്മുടെ സഭയിലെ രൂപതാവൈദികരുടെയും സന്യാസവൈദികരുടെയും പ്രതിനിധി സമ്മേളനം സഭാകേന്ദ്രത്തിൽവച്ച് നടത്തുകയുണ്ടായി. സഭയിൽ ഒരുമയുടെയും പരസ്പരധാരണയുടെയും ചൈതന്യം വളർത്താൻ ഈ സമ്മേളനം ഉപകരിച്ചു എന്ന് സിനഡ് വിലയിരുത്തി. ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ ആയിരുന്ന ആർച്ചുബിഷപ്പ് പെദ്രോ ലോപ്പസ് ക്വിന്താനാ കാനഡായിലേക്ക് സ്ഥലം മാറിപ്പോയ വിവരം നിങ്ങളറിഞ്ഞിരിക്കുമല്ലോ. സീറോമലബാർ സഭയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനങ്ങളെ നമുക്ക് നന്ദിയോടെ ഓർക്കാം.

പൗരസ്ത്യസഭകളിലെ പാത്രിയാർക്കീസുമാരുടെയും മേജർ ആർച്ചുബിഷപ്പുമാരുടെയും ഒരു സമ്മേളനം ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ പരിശുദ്ധ പിതാവ് വിളിച്ചുകൂട്ടിയിരുന്നു. ഞാനും അതിൽ സംബന്ധിക്കുകയുണ്ടായി. തദവസരത്തിൽ, ഇന്ത്യയിലും വിദേശത്തുമായി കഴിയുന്ന സീറോമലബാർ സഭാംഗങ്ങളുടെ അജപാലനശുശ്രൂഷയ്ക്കും പ്രേഷിതപ്രവർത്തനത്തിനും സീറോമലബാർ സഭയ്ക്കുള്ള ചുമതലയും അവകാശവും സംബന്ധിച്ച കാര്യങ്ങൾ ഞാൻ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ മനോഭാവമാണ് പരിശുദ്ധ പിതാവിനുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അനുകൂലസാഹചര്യങ്ങൾ നിലവിലുള്ള വിദേശരാജ്യങ്ങളിൽ വസിക്കുന്ന സീറോമലബാർ സഭാംഗങ്ങൾക്ക് ആവശ്യമായ അജപാലന ശുശ്രൂഷ ലഭ്യമാക്കുന്നതിന് വൈദികരെ അയയ്ക്കാൻ നാം ശ്രദ്ധിക്കുന്നുണ്ട്. മറ്റു സ്ഥലങ്ങളിലെ പ്രതികൂലസാഹചര്യങ്ങൾ പരിഹരിക്കാനും ക്ഷമാപൂർവ്വം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതോടൊപ്പം ആഴമായ പ്രേഷിതചൈതന്യമുള്ള വൈദികരെ രൂപപ്പെടുത്തുന്നതിനും ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ചും സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ തീവ്രമായ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

പ്രവാസികളുടെയിടയിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യക്തമായ സഭാത്മകകാഴ്ചപ്പാടോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ബന്ധപ്പെട്ട കമ്മീഷന്റെ സഹകരണത്തോടെ സിനഡ് ശ്രദ്ധിക്കുന്നതാണ്. ഈ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ശക്തവും വിപുലവുമാക്കുന്നതിനുള്ള നടപടികളും സിനഡ് സ്വീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ നല്കിയിട്ടുണ്ട്. സുവിശേഷവല്ക്കരണത്തിന്റെയും പ്രവാസികളായ സഭാംഗങ്ങളുടെ അജപാലനത്തിന്റെയും ചുമതലയുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമായി ബന്ധപ്പട്ട രൂപതാ ഡയറക്ടർമാരുടെയും സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും ഒരു സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം വളരെ ഫലപ്രദമായ ഒന്നായിരുന്നു എന്നാണ് വിലയിരുത്തപ്പെട്ടത്.

വൈദികവിദ്യാർത്ഥികളുടെ പരിശീലനം

വൈദികാർത്ഥികളുടെ പരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമായി സിനഡുപിതാക്കന്മാർ ചർച്ചചെയ്യുകയുണ്ടായി. സഭാശാസ്ത്രവിഷയങ്ങളിൽ, പ്രത്യേകിച്ച് ബൈബിളിൽ കൂടുതൽ ആഴവും സമഗ്രവുമായ അറിവും ബോധ്യവും ഉത്സാഹവും വൈദികാർത്ഥികൾക്ക് ഉണ്ടാകത്തക്കവിധം സെമിനാരി പരിശീലനം മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. ദൈവവചനവ്യാഖ്യാനത്തിൽ ഇന്ന് നേരിടുന്ന വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ കഴിയത്തക്കവിധം ബൈബിൾജ്ഞാനം വൈദികവിദ്യാർത്ഥികൾക്കുണ്ടാകണം. സഭയോടും സഭാപാരമ്പര്യത്തോടും ബന്ധപ്പെടുത്തിയായിരിക്കണം ബൈബിൾ പഠനം നടക്കേണ്ടത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സെമിനാരി പ്രൊഫസേഴ്സ് അർപ്പണബോധത്തോടെ സ്വയം ഒരുങ്ങണമെന്നും അതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്നും പിതാക്കന്മാർ നിർദ്ദേശിക്കുകയുണ്ടായി.

മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

2010 ആഗസ്റ്റ് 20-22 തീയതികളിൽ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി നടക്കുന്നു എന്ന കാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. അസംബ്ലിയുടെ ചർച്ചാവിഷയത്തെ സംബന്ധിച്ച് രൂപതകളിൽനിന്നും വ്യക്തികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ 'വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും' എന്ന വിഷയമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്. അസംബ്ലിയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്. അസംബ്ലിയുടെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഞാനഭ്യർത്ഥിക്കുന്നു.

ആരാധനക്രമഗ്രന്ഥങ്ങൾ

വി. കുർബാനയിലെ പ്രോപ്രിയ പ്രാർത്ഥനകൾ മൂന്നു വർഷത്തെ പരീക്ഷണാർത്ഥമുള്ള ഉപയോഗത്തെത്തുടർന്ന് തിരഞ്ഞെടുക്കപ്പെട്ടവ ഉൾപ്പെടുത്തി പുതിയ കുർബാന പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വി. കുർബാനയിലെ സജീവപങ്കാളിത്തത്തിന് ഈ നവീകരണം സഹായകമാകുമെന്ന് ഞാൻ കരുതുന്നു. കൂടാതെ പീഡാനുഭവവാര തിരുക്കർമ്മങ്ങളുടെയും സന്യാസ പ്രഥമവ്രതവാഗ്ദാനക്രമത്തിന്റെയും നിത്യവ്രതവാഗ്ദാനക്രമത്തിന്റെയും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സമർപ്പണക്രമത്തിന്റെയും ടെക്സ്റ്റുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നതും സന്തോഷകരമായ കാര്യമാണ്. ഇവയും യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്.

പുതിയ രൂപതകളും മെത്രാന്മാരും

ഏറെ സന്തോഷകരമായ മറ്റൊരു കാര്യം സീറോമലബാർ സഭയ്ക്ക് രണ്ടു പുതിയ രൂപതകളും ആറ് പുതിയ മെത്രാന്മാരും ഉണ്ടായി എന്നുള്ളതാണ്. പാലക്കാട്, മാനന്തവാടി എന്നീ രൂപതകൾ വിഭജിച്ച് യഥാക്രമം രാമനാഥപുരം, മാണ്ഡ്യ എന്നീ രണ്ടു

പുതിയ രൂപതകൾ കൂടി ഉണ്ടായിരിക്കുന്നു. പുതിയരൂപതകളുടെ ഇടയന്മാരായി യഥാക്രമം മാർ പോൾ ആലപ്പാട്ട്, മാർ ജോർജ്ജ് ഞരളക്കാട്ട് എന്നീ രണ്ടു മെത്രാന്മാരും നിയമിതരായിരിക്കുന്നു. 75 വയസ്സ് തികഞ്ഞ താമരശ്ശേരി മെത്രാൻ മാർ പോൾ ചിറ്റിലപ്പള്ളിയും ഇരിങ്ങാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിലും സഭാനിയമ പ്രകാരം സഭാഭരണത്തിൽനിന്ന് വിരമിക്കുകയാണ്. തൽസ്ഥാനങ്ങ ളിലേയ്ക്ക് യഥാക്രമം മാർ റെമീജിയോസ് ഇഞ്ചനാനിയിലും മാർ പോളി കണ്ണൂക്കാടനും നിയമിതരായിരിക്കുന്നു. കൂടാതെ തൃശ്ശൂർ അതിരൂപത സഹായമെത്രാനായി മാർ റാഫേൽ തട്ടിലും ആദ്യത്തെ കൂരിയ മെത്രാനായി മാർ ബോസ്കോ പുത്തൂരും നിയമിതരായിരി ക്കുന്നു. പുതിയ രൂപതകൾക്കും മെത്രാന്മാർക്കും വിരമിക്കുന്ന പിതാ ക്കന്മാർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ സഭയുടെ ശരിയായ വളർച്ചയ്ക്ക് ഇവ ഉപകരിക്കാൻ ദൈവം അനുഗ്രഹിക്ക ട്ടെ.

കാക്കനാട് വർക്കി കാർഡിനൽ വിതയത്തിൽ
10 മാർച്ച് 2010 സീറോമലബാർസഭയുടെ
മേജർ അർച്ചുബിഷപ്പ്

C. 11/10 കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇൻഡ്യ (സി.ബി.സി.ഐ) 29-ാം ജനറൽ ബോഡി മീറ്റിംഗിന്റെ പ്രസ്താവന

യുവജനം: ''സമാധാനത്തിനും സമന്വയത്തിനും''

ഗോഹാത്തി 2010 ഫെബ്രുവരി 24-മാർച്ച് 3

1. യുവജനം: സമാധാനത്തിനും സമന്വയത്തിനും എന്ന വിഷയത്തെ ക്കുറിച്ചു ചിന്തിക്കാനും പ്രാർത്ഥിക്കാനുമായി ഞങ്ങൾ 157 കത്തോ ലിക്കാ മെത്രാന്മാർ, ഗോഹാത്തിയിലെ ഡോൺ ബോസ്ക്കോ ഇൻസ്റ്റി റ്റ്യൂട്ടിൽ പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ അജഗണത്തെ പരിപാലിക്കാൻ ഞങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ക്കുറിച്ചുള്ള തീവ്രബോധത്താൽ പ്രബുദ്ധരായി, 2010 ഫെബ്രുവരി 24 മുതൽ മാർച്ച് 3 വരെ, ഭാരതീയ കത്തോലിക്ക മെത്രാന്മാരുടെ കോൺഫ്രൻസിന്റെ 29-ാം ജനറൽ ബോഡി സമ്മേളനം നടത്തി. ദൈവികപരിപാലനയിൽ അന്താരാഷ്ട്ര യുവജനവർഷാചരണ ത്തിന്റെ സിൽവർ ജൂബിലിയാഘോഷവും (1985-2010) ഈ സമ്മേള നവും ഒത്തു വന്നു. സി.ബി.സി.ഐ കമ്മീഷൻ സെക്രട്ടറിമാർ, നാഷ ണൽ സെന്ററുകളുടെ ഡയറക്ടർമാർ, ഭാരതീയ സന്യസ്തരുടെ കോൺഫ്രൻസിന്റെയും ഭാരതീയ കാത്തലിക് കൗൺസിലിന്റെയും ചില ഭാരവാഹികൾ, ഇൻഡ്യൻ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ (ഐ.സി.വൈ.എം) നാഷണൽ ഡയറക്ടർ, ഇൻഡ്യയിലെ 13 റീജി യനുകളിൽനിന്നുള്ള 51 യുവപ്രതിനിധികൾ എന്നിവരും ഈ സമ്മേ ളനത്തിൽ പങ്കടുത്തു.

2. ഈ സമ്മേളനത്തിന്റെ ചിന്താവിഷയം ഇന്ന് പ്രസക്തമാണെന്നത് സുവ്യക്തമാണ്. കാരണം, നമ്മുടെ രാജ്യം അതിവേഗം പുരോഗതി നേടിക്കൊണ്ടിരിക്കുമ്പോൾ തന്നെ അനൈക്യത്തിന്റെയും സമന്വ യരാഹിത്യത്തിന്റെയും അക്രമത്തിന്റെയും പല സമരമുഖങ്ങളും നില നില്ക്കുന്നുണ്ട്. പരമാധികാര ജനാധിപത്യ റിപ്പബ്ലിക് എന്ന നിലയി ലുള്ള നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിനും ഉദ്ഗ്രഥനത്തിനും

വേണ്ടിയാണ് സഭ എന്നും നിലകൊണ്ടിട്ടുള്ളത്. നിയമാനുസൃതലക്ഷ്യങ്ങൾ പ്രാപിക്കാൻ പോലും അക്രമം പാടില്ലന്ന നിലപാടാണ് സഭ പുലർത്തി പോരുന്നത്. ഇന്ന് ഇൻഡ്യയുടെ മുഖം''യൗവന''മാണ്. രണ്ടായിരത്തി ഇരുപത് ആകുമ്പോഴേയ്ക്കും ശരാശരി ഇൻഡ്യാക്കാർ മുപ്പതുവയസ്സിൽ താഴെയുള്ളവരായിരിക്കുമെന്ന് ജനസംഖ്യാപരമായ പ്രവണത സൂചിപ്പിക്കുന്നു. അതുകൊണ്ട് യുവജനത്തിന്റെ ആവേശം സമാധാനത്തിനും സമന്വയത്തിനും വേണ്ടി സജ്ജീകരിക്കാൻ സഭ വളരെയേറെ ആഗ്രഹിക്കുന്നു. യുവതലമുറ വ്യത്യാസങ്ങൾക്ക് അപ്പുറം കടന്ന് സംസ്കാരങ്ങളുടെയും ഭാഷകളുടെയും പ്രദേശങ്ങളുടെയും മതങ്ങളുടെയും വൈവിധ്യത്തെ ആദരിക്കണം. അങ്ങനെ ഓരോ വ്യക്തിയും മനുഷ്യനെന്ന നിലയിൽ ആദരിക്കപ്പെടുകയും, വിശ്വാസം ഏറ്റുപറയാനും അത് അഭ്യസിക്കാനും പങ്കുവയ്ക്കാനും സ്വാതന്ത്ര്യമുള്ളവനായിരിക്കുകയും ചെയ്യുന്ന സമാധാനത്തിന്റെയും സമന്വയത്തിന്റെയും സംസ്കാരം അവർ സൃഷ്ടിക്കണം. അതിന് വിദ്യാഭ്യാസം അവരെ പ്രേരിപ്പിക്കണം.

3. യുവജനങ്ങൾ സഭയ്ക്ക് എന്നും അത്യധികം പ്രിയപ്പെട്ടവരാണ്, അവരുടെ സമഗ്രവികസനം സഭയുടെ ഇഷ്ടവിഷയമാണ്. ''മെത്രാൻ, ക്രൈസ്തവസമൂഹത്തിന്റെ അജപാലകനും പിതാവുമെന്ന നിലയിൽ യുവജനത്തിന്റെ സുവിശേഷവത്ക്കരണം; അവരോടൊത്തുള്ള ആദ്ധ്യാത്മിക സഹഗമനം എന്നിവയിൽ പ്രത്യേക താല്പര്യം കാണിക്കണം. ഭാവി ആരെ ഏല്പിച്ചിരിക്കുന്നുവോ അവരോടൊപ്പം, അതായത് യുവജനത്തോടൊപ്പം, പടുത്തുയർത്തുന്നതിൽ പ്രത്യാശയുടെ ശുശ്രൂഷകൻ ഒരിക്കലും പരാജയപ്പെടുകയില്ല'' (Pastores Gregis, 53). കൂടാതെ അല്മായവിശ്വാസികൾ എന്ന അപ്പസ്തോലികപ്രബോധനത്തിലെ 46-ാം ഖണ്ഡികയിൽ ഇങ്ങനെ പറയുന്നു: ''യഥാർത്ഥത്തിൽ ഭാവിയിലേയ്ക്കുള്ള പാതയാണ് യുവജനങ്ങളിൽ കാണുന്നത്. സഭ അവരിൽ തന്നെത്തന്നെ പ്രതിഫലിച്ചു കാണുന്നു. അതിൽ ക്രിസ്തുവിന്റെ പരിശുദ്ധാരൂപിയുടെ പ്രവർത്തനഫലമായി അവൾ നിരന്തരം സന്തോഷിക്കുന്നു''. ബനഡിക്ട് 16-ാമൻ മാർപാപ്പ ഇങ്ങനെ

ഉറപ്പിച്ചു പറയുന്നു: ''ഈ യുവമുഖമില്ലെങ്കിൽ സഭ വിരൂപിണിയായി കാണപ്പെടും'' (Sao Paulo, Brazil, May 10, 2007).

4. ആഗോളീകരണം എല്ലാവരെയും - പ്രത്യേകിച്ച് യുവജനത്തെ - സ്വാധീനിച്ചിട്ടുണ്ട്. അതു പൊതുവേ സാമ്പത്തിക പുനരുത്ഥാനത്തിന് സംഭാവന നല്കി. വലിയ അവസരങ്ങളും സാധ്യതകളും സൃഷ്ടിച്ചു. അതേസമയം, ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായ യുവജനങ്ങളുടെ വലിയ വിഭാഗങ്ങളെ നിരാശപ്പെടുത്തുന്നുമുണ്ട്. ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും തോത് നിരന്തരം വർദ്ധിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അത് കുടുംബബന്ധങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പരമ്പരാഗതമായ ഗ്രാമീണ സാമ്പത്തിക വ്യവസ്ഥിതിയുടെ നാശത്തിലേയ്ക്ക് അത് നയിച്ചു. കർഷക വിഷമസന്ധി സൃഷ്ടിച്ചു. അങ്ങനെ ആദ്ധ്യാത്മികവും സാംസ്കാരികവും രാഷ്ട്രീയവുമായ അസ്വസ്ഥത സൃഷ്ടിക്കുകയും ചെയ്തു.

5. മറ്റു രാജ്യങ്ങളിലേയ്ക്കും, ഇൻഡ്യയിൽ തന്നെ ഗ്രാമങ്ങളിൽ നിന്നു നഗരങ്ങളിലേയ്ക്കും യുവജനങ്ങൾ കുടിയേറുകയാണ്. അതിൽ ഞങ്ങൾക്ക് ഉത്കണ്ഠയുണ്ട്. അതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാണ്. ചൂഷണവിധേയവും തരംതാഴ്ത്തുന്നതുമായ അവരുടെ - പ്രത്യേകിച്ച് യുവതികളുടെ - സ്ഥിതി ഞങ്ങൾ കാണുന്നു. വൈദഗ്ദ്യമില്ലാത്തവരും സാമ്പത്തിക പിൻബലമില്ലാത്തവരുമായ യുവജനം, കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും സാംസ്കാരിക സുരക്ഷിതസ്ഥാനത്തുനിന്നും അകലെപോയി താമസിക്കേണ്ടി വരുന്ന യുവജനത്തെ ഞങ്ങൾ കാണുന്നു. അവർക്ക് തങ്ങളുടെ വർത്തമാനകാലത്തേയും ഭാവിയേയും കുറിച്ച് ആകുലതയുണ്ട്. ഞങ്ങൾ ആ ആകുലതയിൽ പങ്കുചേരുന്നു.

6. ഈ അസംബ്ലിക്കായുള്ള തയ്യാറെടുപ്പിനുവേണ്ടി ഐ സി വൈ എം ഒരു യുവജന സർവ്വേ നടത്തി. അത് സമൂഹം, സഭ എന്നിവയോട് ബന്ധപ്പെട്ട് യുവജനത്തിന്റെ അവസ്ഥയെക്കുറിച്ച് ഞങ്ങൾക്ക് വെളിച്ചം നല്കിയിട്ടുണ്ട്.

6.1. യുവജനം ഞങ്ങളോട് പറഞ്ഞ കാര്യങ്ങൾ താഴെക്കാണുന്നു.

ഞങ്ങൾ അത് താല്പര്യത്തോടും വിനയത്തോടും കൂടെ ശ്രവിച്ചു.

a) അവർ കത്തോലിക്കാവിശ്വാസത്തെ വിലമതിക്കുന്നു. പ്രോത്സാഹനവും പിൻതുണയും നൽകിയാൽ സഭാജീവിതത്തിൽ കൂടുതൽ ഭാഗഭാഗിത്വം വഹിക്കാൻ അവർക്ക് ഇഷ്ടമാണ്. അതേ സമയം സഭയുടെ ഭാഷയിലും പ്രയോഗങ്ങളിലും മുൻഗണനകളിലും അനേകം യുവജനങ്ങൾക്ക് അതൃപ്തിയുണ്ട്.

b) അവർ തങ്ങളുടെ ഭാഗധേയത്തിന്റെ ശില്പികളാകാൻ അവരെ ശക്തിപ്പെടുത്തണം. സഭയുടെ എല്ലാ തലങ്ങളിലും യുവ-സൗഹൃദ പ്രകാശരംഗങ്ങൾ അതിനായി പ്രദാനം ചെയ്യണം. സാമൂഹിക പ്രവർത്തനത്തിലുള്ള അവരുടെ പങ്കുചേരൽ കൂടുതൽ തീവ്രമാക്കണം.

c) നിർഭാഗ്യവശാൽ കുറെ യുവജനങ്ങൾ മയക്കുമരുന്നിനും ലൈംഗികദുരുപയോഗത്തിനും വിധേയരായിട്ടുണ്ട്. ദു:ഖകരമായ ഈ സംഗതി ഗൗരവാവഹമായ പരിഗണന അർഹിക്കുന്നു.

d) പങ്കാളിത്തത്തിന് സ്വാഗതം ചെയ്യുന്ന, സഹനശീലമുള്ള, പരാജയത്തിൽ ക്ഷമിക്കുന്ന, ജീവിതതിരഞ്ഞെടുപ്പുകളിൽ നയിക്കുന്ന, പക്വതയും ഉത്തരവാദിത്വബോധവുമുള്ള ക്രൈസ്തവ പ്രായപൂർത്തിയിലേയ്ക്ക് വളരാൻ സഹായിക്കുന്ന ഒരു സഭയെയാണ് അവർക്കാവശ്യം.

5.2 ഞങ്ങൾ വിലമതിക്കുന്നു.

a) സമഗ്രതയ്ക്കുള്ള അന്വേഷണത്തിൽ യുവജനങ്ങൾക്കുള്ള ആത്മാർത്ഥത; വിശ്വാസവും സുവിശേഷമൂല്യങ്ങളുമനുസരിച്ച് ജീവിക്കാനുള്ള അവരുടെ സമരങ്ങൾ.

b) അവരുടെ അഭിനിവേശങ്ങളോട് പര്യാപ്തമാംവിധം പ്രത്യുത്തരിക്കുന്നതിൽ ചില വൈദികർ പരാജയപ്പെടുന്നുവെന്നു തോന്നുമ്പോഴും ആത്മീയരായിരിക്കാനുള്ള അവരുടെ പരിശ്രമം.

c) യുവജനനവീകരണത്തിനുവേണ്ടിയുള്ള സഭാപരമായ സംഘടനകളിൽ പ്രവർത്തിക്കുന്ന ചില അംഗങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ആധ്യാത്മികതയുടെ ആഴവും സമർപ്പണത്തിന്റെ വലിയ അളവും .

7. യുവജനശുശ്രൂഷയിൽ മാതൃകയായി ഞങ്ങൾ യേശുവിലേക്കു

നോക്കുന്നു, മൃതയായ ബാലികയിൽ അവിടുന്ന് പ്രത്യാശയും ജീവനും കാണുന്നു (ലൂക്കാ 8:40-52). വിധവയുടെ പുത്രനായ ഒരു യുവാവിന്റെ മൃതസംസ്കാരവിലാപയാത്ര തടഞ്ഞുനിർത്താൻ ദൃഢനിശ്ചയത്തോടെ അവിടുന്നു ചെല്ലുന്നു (ലൂക്കാ 7:11-17). അവിടുന്ന് മരണത്തിന്റെ യാത്ര പ്രതിരോധിക്കുന്നു. യുവജനം മരണകരമായ പല സാഹചര്യങ്ങളും കണ്ടുമുട്ടുന്നുണ്ട്. യേശു നല്കുന്ന ജീവൻ - പൂർണജീവൻ (യോഹ 10:10) അവർക്ക് ആവശ്യമാണ്. അവർക്ക് ഞങ്ങളെ ആവശ്യമുണ്ട്. യേശുവിനെപ്പോലെ അവരെ ''തൊടാനും'' എഴുന്നേല്ക്കാൻ ''വെല്ലുവിളിക്കാനും'' സുഖമാക്കി ജീവനുള്ളവരാക്കി, അമ്മയ്ക്ക്- സമൂഹത്തിന്, രാഷ്ട്രത്തിനും സഭയ്ക്കും- തിരിച്ചു നല്കാനും വേണ്ടിയാണത്.

8. ദൈവവചനത്തിന്റെയും സഭാപ്രബോധനങ്ങളുടെയും യുവജന ശബ്ദത്തിന്റെയും 2010 ജനുവരി 9-12 തീയതികളിൽ കാത്തലിക് കൗൺസിൽ ഓഫ് ഇൻഡ്യ നടത്തിയ വിചിന്തനത്തിന്റെയും വെളിച്ചത്തിൽ, ഇൻഡ്യയിലെ മെത്രാന്മാരായ ഞങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാൻ സ്വയം സമർപ്പിക്കുന്നു.

a) യുവജനശുശ്രൂഷയെ സഭാശുശ്രൂഷയുടെ ഒരു മൗലിക ഭാഗമാക്കിത്തീർക്കാൻ, അവരെ സ്നേഹിക്കുകയും ജീവന്റെ പൂർണ്ണതയിലേയ്ക്ക് അവരെ വിളിക്കുകയും ചെയ്യുന്ന യേശുക്രിസ്തുവിനെ അവരുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യാൻ;

b) യുവജനങ്ങൾക്ക് ത്രിത്വപരവും സമൂഹാത്മകവും സഭാപരവുമായ അനുഭവം സുഗമമാക്കുവാൻ അവരെ കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളിൽ സുപരിചിതരാക്കിക്കൊണ്ടും ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും പരമകോടിയും (ലുമെൻജെൻസിയും,11)

ക്രൈസ്തവസേവനത്തിന്റെ സുപ്രധാന ശക്തികേന്ദ്രവുമായ ദിവ്യകാരുണ്യത്തിലേക്ക് അവരെ നയിച്ചുകൊണ്ടും അങ്ങനെ ചെയ്യാൻ.

c) സഭയുടെ സ്ഥാപനങ്ങളുടെയും ഇടവകകളുടെയും വ്യക്തി

കളുടെയും ദേശവ്യാപകമായ സംവിധാനം ഉപയോഗിച്ച് കുടിയേറ്റക്കാരായ യുവജനത്തിന് സംരക്ഷണവും പിൻതുണയും നല്കാൻ. അവർ കുടിയേറിയ പ്രദേശത്തിന്റെ സംസ്കാരത്തിലും ഭാഷയിലും ഉൾച്ചേർന്നു നില്ക്കാൻ അവർ പരിശ്രമിച്ചാലും അവർ അവരുടെ വ്യക്തിസഭയുടെ (suijuris church) സഭാത്മകപാരമ്പര്യത്തിൽ പരിശീലിപ്പിക്കപ്പെടണം.

d) ദളിത് വിഭാഗത്തിലെയും പിന്നോക്കവിഭാഗത്തിലേയും വിദൂര ഗ്രാമീണ സമൂഹങ്ങളിലെയും ഗോത്രവർഗങ്ങളിലേയും യുവാക്കൾക്ക് വിശിഷ്ട വിദ്യാഭ്യാസത്തിനും തൊഴിൽപരമായ വിദഗ്ദപരിശീലനത്തിനും വേണ്ടത്ര അവസരങ്ങൾ സൃഷ്ടിക്കാൻ.

e) യുവജനങ്ങളുമായുള്ള വിശാലതരവും സർഗ്ഗാത്മകവുമായ കൂട്ടിമുട്ടലിന് സാങ്കേതികവിദ്യയുടെയും മാധ്യമങ്ങളുടെയും വ്യാപകത്വവും ശക്തിയും ഉപയോഗിക്കാൻ.

f) കാലാവസ്ഥാപരിവർത്തനം, പരിസ്ഥിതിയുടെ അധ:പതനം, പ്രകൃതിപരവും മനുഷ്യനിർമ്മിതവുമായ അപകടങ്ങളുടെ കൈകാര്യം എന്നീ വിഷയങ്ങളിൽ സർഗ്ഗാത്മകമായി ഇടപെടുന്നതിന് യുവജനത്തെ ശക്തിപ്പെടുത്താൻ

9. ഞങ്ങളുടെ യുവജനസമർപ്പണം നിറവേറ്റാൻ താഴെപ്പറയുന്ന പ്രവർത്തന പദ്ധതി സ്വീകരിക്കുന്നു:

a) പ്രവർത്തനമാർഗ്ഗരേഖയായി ഉപയോഗിക്കുന്നതിന് ഒരു നാഷണൽ യൂത്ത് പോളിസിയും പാസ്റ്ററൽ പ്ലാനും സി.ബി.സി.ഐ. യുടെ യൂത്തു ഡിപ്പാർട്ടുമെന്റ് തയ്യാറാക്കും.

b) യുവജന ശുശ്രൂഷയ്ക്ക് പര്യാപ്തമായ ഫണ്ട് ഉറപ്പുവരുത്തും.

c) ക്രൈസ്തവ കുടുംബങ്ങൾ അവരുടെ യുവാംഗങ്ങളെ പരിശീലിപ്പിക്കുകയെന്ന ദൗത്യം വഹിക്കുന്നതിന് സഹായിക്കാൻ വേണ്ടി, കുടുംബജീവിത വിദ്യാഭ്യാസ പദ്ധതി ക്രോഡീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്ത് യുവജനശുശ്രൂഷാപരമായ പരിശീലനത്തിൽ ഉൾപ്പെടുത്തും.

d) രൂപതാതലത്തിലും പ്രാദേശികതലത്തിലും ഐ.സി.വൈ.എം യൂണിറ്റുകൾ സ്ഥാപിക്കാൻ സമർപ്പണബോധമുള്ള യുവജനഡയറക്ടർമാരെ നിയമിക്കും. ഓരോ രൂപതയിലും യുവജനശുശ്രൂഷയുടെ മറ്റുസംവിധാനങ്ങളെ സിദ്ധികളുടെ വൈവിദ്ധ്യത്തിലൂടെ പൊതുവായ ഒരംഗീകൃതലക്ഷ്യത്തിലേക്കു നയിക്കുന്നതിനുവേണ്ടി ശക്തിപ്പെടുത്താനും കൂടിയാണ് അങ്ങനെ ചെയ്യുന്നത്.

e) സെമിനാരി പരിശീലനത്തിന്റെ ഒരു മൗലിക ഭാഗമായി യുവജനശുശ്രൂഷാപരിശീലനം ഏർപ്പെടുത്തും.

10. ഞങ്ങളുടെ പ്രിയപ്പെട്ട യുവജനമേ, ഞങ്ങളുടെ കണ്ണുകൾ നിങ്ങളിലേയ്ക്ക് തിരിയുന്നു. നിയമാനുസൃതം നിയമിതരായ നേതാക്കളുടെ നേതൃത്വത്തിൻ കീഴിൽ നിങ്ങളുടെ പരിശീലനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ നിങ്ങളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ലഘുക്രൈസ്തവസമൂഹങ്ങളുടെ അംഗങ്ങളാകാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അവിടെ ഇടവകയോടും സഭയോടും ചേർന്നു നില്ക്കുന്നതിന്റെ ബോധം നിങ്ങൾക്കുണ്ടാകും വൈദികത്വത്തിലേയ്ക്കും സന്യാസജീവിതത്തിലേയ്ക്കുമുള്ള ദൈവത്തിന്റെ വിളിക്ക് നിങ്ങളിൽ ചിലർ പ്രത്യുത്തരിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ഐ.സി. വൈ.എം-ലും അതുപോലുള്ള മറ്റു യുവജനപ്രസ്ഥാനങ്ങളിലും പരിശീലനം നേടിയിട്ടുള്ളവർ അല്മായ നേതാക്കളാകാൻ മുന്നോട്ടുവരുമെന്ന് ആത്മവിശ്വാസത്തോടെ പ്രതീക്ഷിക്കുന്നു. നമ്മുടെ രാജ്യം മുഴുവനിലും സദ്വാർത്ത ശ്രവിക്കപ്പെടുന്നതിനു വേണ്ടി സുവിശേഷവത്കരണപരിശ്രമത്തിൽ കൂടുതലായി ഏർപ്പെടാൻ ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. മനുഷ്യാവകാശങ്ങൾ, സാമൂഹികനീതി എന്നീ പ്രശ്നങ്ങളിൽ ഇടപെടാൻ ഞങ്ങൾ നിർബന്ധിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, സിവിൽ ഭരണകാര്യങ്ങൾ, ഭരണസംഘങ്ങൾ മുതലായവയിൽ പങ്കുചേരാനും നിർബന്ധിക്കുന്നു. നമ്മുടെ രാജ്യത്തുള്ള വിവിധ സമാധാന സ്ഥാപനപ്രസ്ഥാനങ്ങളിൽ വ്യാപരിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ കാലടികൾ പിൻതുടർന്ന് സമാ

ധാനത്തിന്റെയും അക്രമരാഹിത്യത്തിന്റെയും സന്ദേശം വ്യാപിപ്പിച്ചുകൊണ്ട് അപ്രകാരം പ്രവർത്തിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ധാർമ്മികമൂല്യങ്ങളും വ്യക്തിത്വസമഗ്രതയുമുള്ള യുവതീയുവാക്കൾ, ജനങ്ങൾക്കു വിശ്വസിക്കാവുന്നവർ, രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ ഞങ്ങൾ ക്ഷണിക്കുന്നു. നമ്മുടെ ജനതയുടെ -പ്രത്യേകിച്ച് ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായവരുടെ- സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ച് നമ്മുടെ രാഷ്ട്രത്തെ പടുത്തുയർത്താനാണത്. അങ്ങനെ ദൈവത്തിന്റെ സാന്നിദ്ധ്യത്തിനും രക്ഷാകരപ്രവർത്തനത്തിനും സാക്ഷ്യം വഹിക്കാൻവേണ്ടിത്തന്നെ. നമ്മുടെ മാതൃരാജ്യത്ത് സമാധാനവും സമന്വയവും സ്ഥാപിക്കാനുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്.

11. സി.ബി.സി.ഐ യുടെ 29-ാം ജനറൽ അസംബ്ലി സമാപിക്കുമ്പോൾ ഞങ്ങൾ കന്യാമറിയത്തിലേയ്ക്ക് ദൃഷ്ടി ഉയർത്തുന്നു. ഞങ്ങളുടെ യുവജനത്തെ അവൾക്കു സമർപ്പിക്കുന്നു. അവർ യഥാർത്ഥത്തിൽ സമാധാനത്തിന്റെയും സമന്വയത്തിന്റെയും കൈവഴികളാകാൻ തന്നെ.

മോസ്റ്റ്.റവ.ആൽബർട്ട് ഡിസൂസാ

സെക്രട്ടറി ജനറൽ, സി.ബി.സി.ഐ, ആർച്ച് ബിഷപ്പ് ഓഫ് ആഗ്ര

N.B.ഈ പ്രസ്താവന സൗകര്യപ്രദമായ ഏതെങ്കിലും ഞായറാഴ്ച എല്ലാ പള്ളികളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

രൂപതക്കച്ചേരി

C. 35/10 **ആണ്ടുതിരട്ട്**

2010 മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തെ വാർഷിക കണക്ക് ഇനിയും ഏൽപ്പിക്കുവാനുള്ളവർ ജൂൺ 30-ന് മുൻപ് അത് രൂപതാ കച്ചേരിയിൽ ഏല്പ്പിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. സ്റ്റേഷൻ പള്ളികളുടെ കണക്കുകളും ഏല്പിക്കേണ്ടതാണ്. അതോടൊപ്പം കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിത ഫാറത്തിൽ രേഖപ്പെടുത്തി രൂപതാകച്ചേരിയിൽ ഏല്പ്പിക്കുമല്ലോ. ഭദ്രാസന ഫീസിനോടൊപ്പം എല്ലാ ഇടവകകളിൽ നിന്നും ബഹു. വൈദികരുടെ 13-ാം മാസത്തെ അലവൻസും രൂപതകച്ചേരിയിൽ ഏല്പ്പിക്കേണ്ടതാണ്. 13-ാംമാസ അലവൻസ് ഏല്പ്പിക്കേണ്ട തുക 3500 രൂപയാണ്.

C. 36/10 **രൂപതാ ഡിറക്ടറിയിലേക്കുള്ള വിവരങ്ങൾ**

രൂപതാ ഡിറക്ടറിയിൽ ഏതെങ്കിലും തിരുത്തലുകളോ, അഡ്രസ്സുമാറ്റമോ, പുതിയ വിവരങ്ങളോ ചേർക്കാനുണ്ടെങ്കിൽ ബന്ധപ്പെട്ടവർ 2010 മെയ് 31-ാം തീയതിക്കകം വിവരം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്.

C. 37/10 **വൈദികവസ്ത്രസ്വീകരണം**

താഴെ പറയുന്ന വൈദികവിദ്യാർത്ഥികൾ റീജൻസി പൂർത്തിയാക്കി മെയ് 05-ാം തീയതി മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നു.

1. കരിന്തേൽ ജോർജ്ജ്
2. കാരുവേലിൽ ഡോമിനിക്
3. മുല്ലൂർ ജോർജ്ജ്
4. നല്ലൂക്കുന്നേൽ ജോർജ്ജ്
5. ശൗര്യാംകുഴിയിൽ തോമസ്
6. തൊട്ടിയിൽ ജോസഫ്

C. 38/10 **നിയമനം**

1. ഫാ. ജോസഫ് വെളിഞ്ഞാലിൽ, Defender of Bond മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ട്രിബ്യൂണൽ.
2. ഫാ. പോളി മണിയാട്ട്, സെക്രട്ടറി സീറോമലബാർ സിനഡൽ കമ്മീഷൻ ഫോർ ലിറ്റർജി.

ഈ രണ്ടു ബഹു. വൈദികർക്കും രൂപതാ കുടുംബത്തിന്റെ അനുമോദനങ്ങൾ.

C. 39/10 **കാറോയപട്ട സ്വീകരണം**

റോമിലെ പ്രൊപ്പഗാന്ത സെമിനാരിയിൽ വച്ച് ബ്ര. സെബാസ്റ്റ്യൻ മഠത്തിശ്ശേരിൽ കാറോയ പട്ടം സ്വീകരിച്ചു.

C. 40/10 **പൗരോഹിത്യ ആദ്ധ്യാത്മികത - ധ്യാനചിന്തകൾ**

(തിരുവചനഭാഗം യോഹ.13: 31-38)

പുരോഹിതൻ: കൂട്ടായ്മയുടെ മനുഷ്യൻ

ഫാ. മാത്യു വെള്ളാനിയ്ക്കൽ

യൂദാസ് സ്ക്കറിയോത്ത പുറത്തുപോയതിനെ തുടർന്ന് ഈശോ തന്റെ ശിഷ്യരുമായി പങ്കിട്ട അന്ത്യത്താഴഭാഗമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഈശോയെ ഒറ്റിക്കൊടുക്കുവാനുള്ള തന്റെ തീരുമാനത്തിലുറപ്പിക്കപ്പെട്ട് യൂദാസ് പുറത്തുപോയതോടെ ഈശോയുടെ മരണം ഉറപ്പായി. ഈ സന്ദർഭത്തിൽ തന്റെ ശിഷ്യരോട് ആദ്യമായി പറഞ്ഞ വാക്കുകളാണിവ. ഈശോയുടെ പൗരോഹിത്യവ്യക്തിത്വത്തെക്കുറിച്ചും അവിടുത്തെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരുടെ പൗരോഹിത്യജീവിതത്തെക്കുറിച്ചും ഈ വാക്കുകളിലൂടെ വെളിപ്പെടുത്തുന്ന ചില മാനങ്ങൾ ഇപ്രാവശ്യം നമ്മുടെ വിചിന്തനത്തിന് വിഷയമാക്കാം.

1. പുരോഹിതൻ: ദൈവമഹത്വം തേടുന്നവൻ

''അവൻ പുറത്തുപോയിക്കഴിഞ്ഞപ്പോൾ ഈശോ പറഞ്ഞു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു. ദൈവം അവനിൽ മഹത്വപ്പെട്ടുവെങ്കിൽ ദൈവം അവനെ തന്നിൽ മഹത്വപ്പെടുത്തും. ഉടൻ തന്നെ മഹത്വപ്പെടുത്തും'' (വാ. 31-32).

ഈശോയുടെ മരണത്തെയും ഉത്ഥാനത്തെയും യോഹ

ന്നാൻ കാണുന്നത് ഈശോയുടെ മഹത്വീകരണമായിട്ടാണ്. കാരണം മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് ഈശോ തന്റെ ദൈവപുത്രത്വത്തിനടുത്ത മഹത്വത്തിലേയ്ക്കു പ്രവേശിച്ചത്. പീഡാനുഭവം, മരണം, ഉത്ഥാനം എന്നീ മൂന്നു ഘട്ടങ്ങളും ഈശോയുടെ മഹത്വീകരണ പ്രക്രിയയുടെ ഭാഗമാണ്. മരണമില്ലാതെ ഉത്ഥാനമില്ല; ഉത്ഥാനമില്ലാതെ മരണവുമില്ല. തന്റെ മരണോത്ഥാനങ്ങൾ മഹത്വീകരണമായി ഈശോ സ്വയം കരുതി എന്നു സൂചിപ്പിക്കുന്ന വാക്കുകൾ നമുക്ക് സുവിശേഷത്തിൽ കാണുവാൻ കഴിയും. ''എന്റെ സമയം ഇനിയും ആയിട്ടില്ല'' എന്നു ചില സന്ദർഭങ്ങളിൽ ഈശോയും (യോഹ 2:4; 7:6) മറ്റു ചില സന്ദർഭങ്ങളിൽ സുവിശേഷകനും (യോഹ 8:20) പറയുന്നത് ഇതിന്റെ വ്യക്തമായ സൂചനകളാണ്. ''എന്റെ സമയം'' എന്നു പറയുന്നത് ഈശോയുടെ മഹത്വീകരണത്തിന്റെ സമയമാണ്. ഗ്രീക്കു ഭാഷയിൽ കലണ്ടർ സമയത്തിനുപയോഗിക്കുന്ന ' ക്രോണോസ് ' എന്ന വാക്ക് ഉപയോഗിക്കാതെ, നിശ്ചിതസമയത്തെ സൂചിപ്പിക്കുന്ന ''കയ്റോസ്'' എന്ന വാക്ക് ഈ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്.

ഈശോയുടെ മഹത്വീകരണം ദൈവമഹത്വത്തിനു കാരണമാകുമെന്നും ഇവിടെ വ്യക്തമാകുന്നുണ്ട്. 'ദൈവം മഹത്വപ്പെടുക' എന്നു പറഞ്ഞാൽ ' ദൈവം മനുഷ്യരുടെ മുമ്പിൽ മഹത്വപ്പെടുക' എന്നാണ് അർത്ഥം. ദൈവം മനുഷ്യരാൽ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോൾ അവിടുന്നു മനുഷ്യരിൽ മഹത്വപ്പെടുന്നു എന്നു പറയുവാൻ കഴിയും. ഈശോയുടെ ജീവിതം മുഴുവനും ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു ജീവിതമായിരുന്നു. അവിടുത്തെ വാക്കുകളും പ്രവർത്തികളും ജീവിതവും ദൈവത്തേയും ദൈവസ്നേഹത്തെയും മനുഷ്യർക്ക് വെളിപ്പെടുത്തുന്നവയായിരുന്നു. അവിടുത്തെ മരണം ഈ വെളിപ്പെടുത്തലിന്റെ പൂർത്തീകരണമായിരുന്നു. ഈശോയുടെ വാക്കുകൾ തന്നെ ഇത് സൂചിപ്പിക്കുന്നുണ്ട്. തന്റെ അന്ത്യപ്രാർത്ഥനയിൽ അവിടുന്ന് പറയുന്നു: ''പിതാവേ സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്വപ്പെടുത്തണമെ ''(യോഹ 17:1). വീണ്ടും അവിടുന്ന് പറഞ്ഞു: '' അവിടുന്ന്

എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി. ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്തണമേ'' (യോഹ 17: 45).

തന്റെ മരണം ഉറപ്പായപ്പോൾ '' ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു'' എന്ന് ഈശോ പറഞ്ഞ വാക്കുകൾ തന്റെ ജീവിതാനുഭവങ്ങളെല്ലാം അവിടുന്ന് ദൈവമഹത്വത്തിന്റെ വെളിച്ചത്തിൽ കണ്ടിരുന്നു എന്നതിന്റെ സൂചനയാണ്. ദൈവമഹത്വമായിരിക്കണം പുരോഹിതന്റെ ജീവിത ലക്ഷ്യമെന്നും ഇത് സൂചിപ്പിക്കുന്നു. പലപ്പോഴും പുരോഹിത ശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ മനുഷ്യമഹത്വം തേടാനുള്ള പ്രവണത നമുക്കുണ്ടാവുക സ്വാഭാവികമാണ്. അതിനെ അതിലംഘിച്ച് ദൈവമഹത്വം ലക്ഷ്യമാക്കി എപ്പോഴും ജീവിക്കുവാനും ശുശ്രൂഷകൾ നിർവ്വഹിക്കുവാനും പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കണം.

2. പുരോഹിതൻ: ഹൃദയം തുറന്ന് പങ്കുവയ്ക്കുന്നവൻ

'' എന്റെ കുഞ്ഞുങ്ങളെ, ഇനി അല്പസമയം കൂടി ഞാൻ നിങ്ങളോടു കൂടി ഉണ്ടായിരിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും . എന്നാൽ ഞാൻ യഹൂദരോട് പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങളോടും പറയുന്നു. ഞാൻ പോകുന്നിടത്തേയ്ക്ക് വരാൻ നിങ്ങൾക്കു കഴിയുകയില്ല'' (വാ 33).

ഈശോ തന്റെ വേർപാട് ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ പ്രഖ്യാപിക്കുകയാണ്. മരണം ശാരീരികമായ, എന്നാൽ നിത്യമായ, ഒരു വേർപാടാണ്. അത് ഏറ്റം വേദനാജനകവുമാണ്. തനിക്ക് സ്വന്തമായി പിതാവ് നല്കിയവരും, താൻ സ്വന്തമായി കരുതി സ്നേഹിച്ചവരുമായ ശിഷ്യരെ വേർപിരിഞ്ഞ് പോകുന്ന സമയം വന്നപ്പോൾ അവിടുത്തെ ഹൃദയം വിങ്ങിപ്പൊട്ടി. ഹൃദയവേദനകൾ തന്റെ സ്വന്തപ്പെട്ടവരുമായി അവിടുന്ന് പങ്കുവയ്ക്കുകയാണ്. ''കുഞ്ഞുങ്ങളെ'' എന്ന സംബോധന ശിഷ്യരുമായുള്ള ഈശോയുടെ ഉറ്റബന്ധം വെളിപ്പെടുത്തുന്നതാണ്. വേർപാടിന്റെ വേദന അവരുമായി ഈശോ പങ്കുവയ്ക്കുകയാണ്. യൂദാസിന്റെ സാന്നിദ്ധ്യത്തിൽ ഈശോ ഈ വേദന

ശിഷ്യരുമായി പങ്കുവച്ചു: '' ഈശോ ആത്മാവിൽ അസ്വസ്ഥനായി. അവൻ വ്യക്തമായി പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും'' (വാ. 21). ഇപ്പോൾ,യൂദാസ് പോയിക്കഴിഞ്ഞപ്പോൾ, വീണ്ടും ഈശോ തന്റെ ഹൃദയവേദന തുറന്നു പങ്കുവയ്ക്കുകയാണ്. പുരോഹിത കൂട്ടായ്മ, ഹൃദയം തുറന്ന് പങ്കുവയ്ക്കുന്ന ഒരു കൂട്ടായ്മയായിരിക്കണം. ബ്രഹ്മചാരികളായ പുരോഹിതന്മാർക്ക് ഇത്തരത്തിലുള്ള ഒരു പൗരോഹിത്യ കൂട്ടായ്മ അനിവാര്യമാണ്.

ഈശോയുടെ ഈ പങ്കുവയ്ക്കലിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. തന്റെ കൂട്ടായ്മയിലുള്ള ശിഷ്യന്മാരെയെല്ലാം നന്മയ്ക്കു പ്രചോദിപ്പിക്കുന്ന ഒരു പങ്കുവയ്ക്കലാണ് അവിടുന്ന് നടത്തുന്നത്. തന്നെ ഒറ്റിക്കൊടുക്കുന്ന യൂദാസിന്റെ സാന്നിദ്ധ്യത്തിൽ അവന്റെ ഒറ്റിക്കൊടുക്കലിനെക്കുറിച്ച് ഈശോ പങ്കുവയ്ക്കുന്നത്, അവനു യാതൊരു ബുദ്ധിമുട്ടും സൃഷ്ടിക്കാതെയും അവനെ അങ്ങേയറ്റം വ്യക്തിപരമായി സ്നേഹിച്ചുകൊണ്ടും ആണ്. തന്നെ ഒറ്റിക്കൊടുക്കുന്നത് യൂദാസാണെന്ന് യോഹന്നാൻ ഒഴിച്ച് മറ്റുള്ളവർക്ക് മനസ്സിലാകാത്തവിധത്തിലും യൂദാസിന് പ്രത്യേകവിധം സ്നേഹത്തിന്റെ പങ്കുവയ്ക്കൽ നല്കിയുമാണ് ഈശോ ഈ കൃത്യം നിർവ്വഹിക്കുന്നത് (വാ.21-30). തന്റെ ജീവിതാനുഭവങ്ങളുടെ പിന്നിൽ പിതാവായ ദൈവമാണ് പ്രവർത്തിക്കുന്നതെന്ന വിശ്വാസത്താൽ നയിക്കപ്പെട്ടും, ദൈവത്തിന്റെ സ്നേഹത്തിൽ നിലനിന്നുകൊണ്ടുമാണ് ഈശോ ഈ സന്ദർഭത്തെ നേരിടുന്നത്. പൗരോഹിത്യകൂട്ടായ്മയിൽ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ അത് ദൈവപരിപാലനയിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിലും, ദൈവസ്നേഹത്തിന്റെ കൂട്ടായ്മയിലുമായിരിക്കണമെന്ന് ഈശോ നമ്മെ പഠിപ്പിക്കുന്നു. അപ്പോൾ അത് പൗരോഹിത്യകൂട്ടായ്മയിലുള്ള എല്ലാവർക്കും വലിയ പ്രചോദനം നൽകുന്ന പങ്കുവയ്ക്കലായിരിക്കും.

3. പുരോഹിതൻ: ഈശോയെപ്പോലെ സ്നേഹിക്കുന്നവൻ

''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'' (വാ.34).

‘ പുതിയ കല്പന’ എന്നാണ് ഈശോ സ്നേഹത്തിന്റെ കല്പനയെ വിശേഷിപ്പിക്കുന്നത്. പഴയ ഉടമ്പടിയുടെ സ്ഥാനത്ത് പുതിയ ഉടമ്പടി സ്ഥാപിക്കപ്പെടുന്നുവെന്നും പുതിയ ഉടമ്പടിയുടെ വ്യവസ്ഥ സ്നേഹത്തിന്റെ കല്പനയാണെന്നും ഇവിടെ സൂചനയുണ്ട്. പഴയ ഉടമ്പടിയുടെ വ്യവസ്ഥ അരുതുകളിൽ ഒതുങ്ങി നിന്ന കല്പനകളായിരുന്നുവെങ്കിൽ, പുതിയ ഉടമ്പടിയുടെ വ്യവസ്ഥ ആകേണ്ടതുകളിലേയ്ക്ക് കടന്നുചെല്ലുന്നതും ഈശോയുടെ സ്നേഹത്താൽ പ്രചോദിതവുമായ പരസ്നേഹത്തിന്റെ കല്പനയാണ്. പുതിയ ഉടമ്പടി ജനതയാകുന്ന സഭയിലെ എല്ലാ അംഗങ്ങളും പ്രാവർത്തികമാക്കേണ്ട കല്പനയാണ് പരസ്നേഹത്തിന്റെ ഈ കല്പന. ഈ പരസ്നേഹജീവിതം സഭാസമൂഹത്തിന്റെ മുഖമുദ്രയുമാകണം. ‘‘നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതു മൂലം എല്ലാവരും അറിയും’’ (വാ. 35). ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കണം എന്ന് ഇവിടെ പ്രത്യേകം എടുത്തു പറയുന്നുണ്ട്. ‘പോലെ’ എന്നുള്ള വാക്കിന് (ഗ്രീക്കിൽ ‘കാഥോസ്’) രണ്ട് അർത്ഥങ്ങളുണ്ട്. ഒന്ന്, ‘മാതൃക’ അതായത് ഈശോയുടെ സ്നേഹം നമുക്ക് മാതൃകയാകണം. രണ്ട്, ‘ഉറവിടം’ അതായത് ഈശോയുടെ സ്നേഹം നമ്മുടെ സ്നേഹത്തിന് ഉറവിടമാകണം. മറ്റു വാക്കുകളിൽ, നാം ഈശോയുടെ സ്നേഹത്തിൽ നിലനിന്നാലേ, ഈശോയെപ്പോലെ സ്നേഹിക്കാൻ നമ്മുക്കു കഴിയൂ. ഇതേപ്പറ്റി മറ്റൊരു സന്ദർഭത്തിൽ ഈശോ പറയുന്നത് ഇങ്ങനെയാണ്: ‘‘ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ’’ (യോഹ 15:19). ഈശോയുമായി നല്ല സ്നേഹബന്ധം പുലർത്തുന്നവർക്കേ ഈശോയെപ്പോലെ സ്നേഹിക്കാൻ കഴിയൂ.

പുരോഹിതന്റെ ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെടുന്ന സഭാമക്കളുടെ ഇടയിൽ ഈ സ്നേഹം പുലരണമെങ്കിൽ പുരോഹിതർ ഈ സ്നേഹം ജീവിക്കുകയും ജീവിക്കാൻ മറ്റു വിശ്വാസികളെ സഹായിക്കുകയും ചെയ്യണം. ഈശോ തന്റെ ശിഷ്യരുമായി പങ്കുവച്ചവിധത്തിലുള്ള ഒരു സ്നേഹക്കൂട്ടായ്മയാണ് പുരോഹിതരുടെയിടയിൽ പുലരേണ്ടത്. ഇത് പ്രായോഗികമാകണമെങ്കിൽ പുരോഹിതഗണ

ത്തിൽപ്പെട്ട ഓരോ പുരോഹിതനും നിത്യപുരോഹിതനുമായി വ്യക്തിപരമായ ഒരു സ്നേഹബന്ധം സ്ഥാപിക്കുകയും ജീവിക്കുകയും വേണം. ഈശോയുടെ സ്നേഹജീവിതം തന്റെ ജീവിതമാതൃകയാക്കണം. വി. മരിയ വിയാനിയുടെ അജപാലനശൈലി ഇതിന് ഉത്തമമാതൃകയാണ്. ബലിപീഠത്തിൽ നിന്നും കുമ്പസാരക്കൂട്ടിലേയ്ക്കും, കുമ്പസാരക്കൂട്ടിൽനിന്നും ബലിപീഠത്തിലേയ്ക്കുമുള്ള ഒരു നിരന്തരയാത്രയായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷാജീവിതം. ബലിപീഠത്തിൽനിന്നും ഈശോയുടെ ക്ഷമിക്കുന്ന, കരുണയുള്ള സ്നേഹം ഏറ്റുവാങ്ങി കുമ്പസാരക്കൂട്ടിൽ അനുതാപത്തോടെ വരുന്ന പാപികൾക്ക് കൈമാറുന്ന നിരന്തരമായ ഒരു സ്നേഹശുശ്രൂഷയായിരുന്ന അദ്ദേഹത്തിന്റെ ജീവിതം പുരോഹിതർക്ക് പ്രചോദനമാകണം. അതുപോലെ തങ്ങളുടെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന സഭാസമൂഹങ്ങളെ ആദിമസഭാമാതൃകയിൽ, ഈശോയെപ്പോലെ പരസ്പരം സ്നേഹിക്കുന്ന സമൂഹങ്ങളായി കെട്ടിപ്പടുക്കുവാൻ അവർ നിരന്തരം പരിശ്രമിക്കുകയും വേണം.

4. പുരോഹിതൻ: ഈശോയെ അനുഗമിക്കുന്നവൻ

‘‘ശിമയോൻ പത്രോസ് ചോദിച്ചു: കർത്താവേ, നീ എവിടേയ്ക്ക് പോകുന്നു? ഈശോ പ്രതിവചിച്ചു. ഞാൻ പോകുന്നിടത്തേയ്ക്ക് ഇപ്പോൾ എന്നെ അനുഗമിക്കുവാൻ നിനക്കു കഴിയുകയില്ല. എന്നാൽ പിന്നീട് നീ അനുഗമിക്കും’’ (വാ.36).

ക്രിസ്തുശിഷ്യത്വമാണ് ക്രൈസ്തവആദ്ധ്യാത്മികതയുടേയും പുരോഹിതആദ്ധ്യാത്മികതയുടെയും അടിസ്ഥാനം. ശിഷ്യത്വത്തിന്റെ മുഖമുദ്രയാണ് ‘ ഈശോയെ അനുഗമിക്കൽ.’ ‘ ഈശോയെ അനുഗമിക്കുക’ എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നതെന്ന് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നുണ്ട്. രക്തസാക്ഷിത്വത്തിനു തുല്യമായ ഒരു ജീവിതമാണ് ക്രിസ്തുശിഷ്യത്വമെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. ‘ ഇപ്പോൾ എന്നെ അനുഗമിക്കുവാൻ നിനക്ക് കഴിയുകയില്ല. എന്നാൽ പിന്നീട് നീ അനുഗമിക്കും’ എന്നു പറഞ്ഞത് അന്വർത്ഥമാകുന്നത് പത്രോസിന്റെ ഗുരുനിഷേധത്തിലും (യോഹ 18:17-18; 25-27) പിന്നീടുള്ള ഏറ്റുപറച്ചിലിലുമാണ് (യോഹ 21:15-19). ‘ഈശോയെ അനുഗമിക്കുക’ എന്നു പറഞ്ഞാൽ ഈശോയെ മറ്റെ

ല്ലാറ്റിലുമുപരി, സ്വന്തം ജീവനേക്കാളുമുപരി, സ്നേഹിക്കുക എന്ന താണ്. അന്ത്യത്താഴസമയത്ത് പത്രോസ് ഇപ്രകാരമുള്ള ഒരു സ്നേഹ ത്തിലേയ്ക്ക് വളർന്നിട്ടില്ലായിരുന്നു. പിന്നീട് മിശിഹായുടെ ഉത്ഥാന ത്തിനുശേഷമാണ്. എല്ലാറ്റിലുമുപരി ഈശോയെ സ്നേഹിക്കുന്ന വനും, രക്തസാക്ഷിത്വത്തിലൂടെ ഈശോയെ മഹത്വപ്പെടുത്താൻ കഴിവുറ്റവനുമായി പത്രോസ് ശിഷ്യത്വം സ്വന്തമാക്കിയത്: ''ഇത് അവൻ പറഞ്ഞത് ഏത് വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്. അതിനു ശേഷം ഈശോ അവനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു'' (യോഹ 21:19).

ശിഷ്യത്വം ജീവിതപങ്കാളിത്വം ഉൾക്കൊള്ളുന്നതാണ്. മുന്തി രിച്ചെടിയും ശാഖകളും തമ്മിലുള്ള ബന്ധത്തോടാണ് ഈശോ ശിഷ്യ രുമായുള്ള തന്റെ ബന്ധത്തെ ഉപമിക്കുന്നത്: ''നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും'' (യോഹ 15:3). ഈശോ യുമായുള്ള നിരന്തരസഹവാസമാണ് ശിഷ്യത്വത്തിന്റെ അന്ത:സത്ത. പ്രാർത്ഥനയിലും ശുശ്രൂഷയിലും നിരന്തരം ഈശോയോടൊത്ത് ആയിരിക്കുന്ന ഒരു ജീവിതപങ്കാളിത്വമാണ് ശിഷ്യത്വത്തിൽ നിലനി ല്ക്കുവാൻ നമ്മെ സഹായിക്കുന്നത്. ഈശോയോടൊത്തുള്ള പ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുവാൻ സാധിക്കാതിരുന്നത് പത്രോസിന് ഈ ജീവിതവങ്കാളിത്തം വേണ്ടവിധം ഉറപ്പിക്കുവാൻ സാധിച്ചില്ല എന്നതിന്റെ സൂചനയാണ് (ലൂക്കാ 22:39-46). പുരോഹി തന് ഈശോയുമായുള്ള ജീവിത പങ്കാളിത്വത്തിൽ പ്രാർത്ഥനാജീ വിതം നയിക്കുവാനും നിരന്തരം ശുശ്രൂഷ ചെയ്യുവാനും കഴിയണം. ''തന്നോടുകൂടെ ആയിരിക്കുവാനും ..... അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു'' (മർക്കോ 3;14-15) എന്നുള്ള സുവിശേഷകന്റെ പ്രസ്താ വന ഇത് സൂചിപ്പിക്കുന്നുണ്ട്. അങ്ങനെ ഈശോയെ അനുഗമിക്കുന്ന ഒരു ജീവിതമായിരിക്കണം പുരോഹിതന്റേത്.

5. പുരോഹിതൻ: വീഴ്ചകളിലൂടെ വളരുന്നവൻ

'' ഈശോ പ്രതിവചിച്ചു, നീ എനിക്കുവേണ്ടി ജീവൻ ത്യജി ക്കുമെന്നോ? സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, നീ എന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറയുന്നതുവരെ

കോഴികൂവുകയില്ല'' (വാ. 38).

ഈശോയ്ക്കുവേണ്ടി തന്റെ ജീവൻ ത്യജിക്കും എന്നു പത്രോസ് ഉറപ്പിച്ചു പറഞ്ഞപ്പോൾ ഈശോ അതിനെ ചോദ്യം ചെയ്യു കയും പത്രോസ് തന്നെ മൂന്നു പ്രാവശ്യം നിഷേധിക്കുമെന്ന് പ്രവ ചിക്കുകയും ചെയ്തു. 'ഈശോയെ അനുഗമിക്കുക' എന്നു പറയു ന്നത് സാവകാശം യാഥാർത്ഥ്യമാകേണ്ട ഒരു ജീവിത പ്രക്രിയയാ ണ്. നമ്മുടെ മാനുഷികത നമ്മോടൊപ്പമുള്ളിടത്തോളംകാലം ഈശോ യുമായുള്ള സ്നേഹബന്ധത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുക സ്വാഭാവികമാണ്. വീഴ്ചകളും ഉണ്ടായെന്നു വരാം. അതുകൊണ്ട് ഈശോയോടുള്ള സ്നേഹബന്ധത്തിൽ നാം സാവകാശം വളര ണം, ഉറപ്പിക്കപ്പെടണം. ഈശോയുടെ ഉത്ഥാനത്തിനുശേഷം ഈശോയുമായുള്ള സ്നേഹബന്ധത്തിൽ പത്രോസ് ഉറപ്പിക്കപ്പെ ടുന്ന രംഗം വിവരിക്കുന്നുണ്ട് (യോഹ 21:1-19). മൂന്നു പ്രാവശ്യം '' നീ എന്നെ സ്നേഹിക്കുന്നുവോ?'' എന്ന് ചോദിക്കുകയും, ''ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയു ന്നവല്ലോ'' എന്ന് പത്രോസിൽനിന്ന് മറുപടി സ്വീകരിക്കുകയും ചെയ്തുകൊണ്ടാണ് ഈ ഉറപ്പിക്കപ്പെടൽ നടക്കുക.

മറ്റൊരു വസ്തുതകൂടെ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. വീഴ്ചകളിലൂടെ വളരുന്ന ഒരു പ്രക്രിയയാണ് ക്രിസ്തുശിഷ്യത്വം. സഭയുടെ നേതൃത്വത്തിലേയ്ക്ക് വിളിക്കപ്പെട്ട് ഈശോയുടെ ജീവി താനുഭവവത്തിൽ പ്രത്യേകം പങ്കാളിയാകുവാൻ ഭാഗ്യം സിദ്ധിച്ച പത്രോസാണ് ഈശോയെ മൂന്നു പ്രവശ്യം തള്ളിപ്പറഞ്ഞത്. എങ്കിലും ഈശോ തന്റെ ശിഷ്യത്വത്തിൽ നിന്നും പത്രോസിനെ തള്ളിക്കള ഞ്ഞില്ല. പത്രോസിന്റെ വീഴ്ചയിൽ അലിവുതോന്നിയ ഈശോ പത്രോ സിനെ വീണ്ടും തന്റെ സ്നേഹത്തിൽ ഉറപ്പിച്ച് തന്റെ ശുശ്രൂഷയിൽ സ്ഥിരപ്പെടുത്തുകയാണ് ചെയ്തത്. ഇത് നമ്മെ അനുസ്മരിപ്പിക്കു ന്നത് നമ്മുടെ വീഴ്ചകൾ നമ്മെ തളർത്തരുത് എന്നതാണ്. നമ്മുടെ വീഴ്ചകൾ നമ്മെ വളർത്തുന്ന ചവിട്ടുപടികളാവണം. ഇങ്ങനെ സംഭ വിക്കണമെങ്കിൽ കർത്താവിന്റെ നിലയ്ക്കാത്ത സ്നേഹത്തിൽ വിശ്വ സിക്കുകയും ജീവിതാനുഭങ്ങളുടെ പിന്നിലുള്ള കർത്താവിന്റെ സ്നേഹത്തിലേയ്ക്ക് കണ്ണുതുറക്കുകയും ചെയ്യണം. ഇതിന് പ്രാർത്ഥ

നാജീവിതം നമ്മെ സഹായിക്കും. അനുദിന ജീവിതാനുഭവങ്ങളെ ദൈവസ്നേഹത്തിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി പ്രാർത്ഥിക്കുവാൻ നമ്മുക്ക് സാധിക്കണം. അങ്ങനെയുള്ള ഒരു പ്രാർത്ഥനാജീവിതം നയിക്കുമ്പോൾ നമ്മുടെ വീഴ്ചകൾ നമ്മെ തളർത്താതെ ഈശോയുടെ സ്നേഹത്തിലേയ്ക്ക് നമ്മെ വളർത്തുന്ന ചവിട്ടുപടികളായി മാറും. സാവകാശം ഈശോയുടെ സ്നേഹത്തിൽ ഉറപ്പിക്കപ്പെട്ട് നാം അവിടുത്തെ ശിഷ്യരാവുകയും ചെയ്യും.

ജീവിതസൂചിക

1. ദൈവത്തെയും ദൈവസ്നേഹത്തേയും വെളിപ്പെടുത്തുന്നതും അങ്ങനെ ദൈവമഹത്വം തേടുന്നതുമായ ഒരു ജീവിതമാണോ എന്റേത്?
2. ഹൃദയം തുറന്നു പങ്കുവയ്ക്കുന്ന ഒരു കൂട്ടായ്മയായി പുരോഹിത കൂട്ടായ്മയെ രൂപപ്പെടുത്തുവാൻ എനിക്ക് എന്തുചെയ്യാൻ കഴിയും?
3. ഈശോയുടെ സ്നേഹം എന്റെ അജപാലന സ്നേഹത്തിന് മാതൃകയും ഉറവിടവുമാകുന്നുണ്ടോ?
4. പ്രാർത്ഥനാജീവിതത്തിലൂടെയും ശുശ്രൂഷാതീക്ഷ്ണതയിലൂടെയും ഈശോയുമായുള്ള ജീവിതപങ്കാളിത്തം ഞാൻ നിലനിർത്തുന്നുണ്ടോ?
5. എന്റെ വീഴ്ചകളെ ഈശോയുടെ സ്നേഹത്തിൽ എന്നെ വളർത്തുന്ന ചവിട്ടുപടികളാക്കാൻ ഞാൻ എന്തു ചെയ്യണം?

ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

CJ 21/10 പുതിയ അദ്ധ്യയന വർഷാരംഭം

നമ്മുടെ രൂപതയിൽ 2010-2011 സൺഡേസ്കൂൾ അദ്ധ്യയന വർഷം മെയ് 30-ാം തീയതി ആരംഭിക്കുന്നു. പ്രവർത്തന വർഷം

ആരംഭിക്കുന്നതിനു മുന്നോടിയായി 23-05-2010 ൽ ബഹു. വികാരിയച്ചനും, അദ്ധ്യാപകരും, സൺഡേസ്കൂൾ പി.ടി.എ പ്രതിനിധികളും ഒന്നിച്ചുകൂടി മുൻ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ വർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വേണം.

മെയ് 30-ാം തീയതി വി. കുർബാന മദ്ധ്യേ ബഹു. വികാരിയച്ചൻ വിശ്വാസപരിശീലനത്തെപ്പറ്റി ഇടവകാംഗങ്ങളെ ഉദ്ബോധിപ്പിക്കേണ്ടതാണ്. കുട്ടികൾക്കുള്ള വി.കുർബാനയിൽ അവരുടെ മാതാപിതാക്കൾ കൂടി പങ്കെടുക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. പുതിയ വിശ്വാസപരിശീലന വർഷം ബൈബിൾ പ്രതിഷ്ഠ, വിശ്വാസപ്രഘോഷണ റാലി എന്നിവയോടെ വേണം ആരംഭിക്കുവാൻ. വി. കുർബാനയിൽ അദ്ധ്യാപക പ്രതിനിധികൾ,കുട്ടികളുടെ പ്രതിനിധികൾ, പി.ടി.എ പ്രതിനിധികൾ എന്നിവർ കാഴ്ചസമർപ്പണം നടത്തുന്നതും, പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കേണ്ടതുമാണ്. കുട്ടികളും അവരുടെ മാതാപിതാക്കളും വി. കുർബാന സ്വീകരിക്കുന്നത് അഭിലക്ഷണീയമാണ്. വി.കുർബാനയ്ക്ക് വരുമ്പോൾ കുട്ടികളെല്ലാവരും പൂക്കൾ, തിരികൾ എന്നിവ കൊണ്ടുവരുന്നതും ഉചിതമാണ്. വി. കുർബാനയ്ക്ക് ശേഷം അദ്ധ്യാപകരും, കുട്ടികളും അവരുടെ മാതാപിതാക്കളും പൊതുവായി സമ്മേളിക്കുകയും പ്രതിജ്ഞയെടുക്കുകയും ദീപം തെളിക്കുകയും ചെയ്ത് പുതിയ വർഷത്തിന് തുടക്കം കുറിക്കേണ്ടതാണ്. ഹൃസ്വമായ പൊതുസമ്മേളനത്തിന് ശേഷം കുട്ടികളുടെ ക്ലാസ് പ്രൊമോഷൻ നടത്താവുന്നതാണ്.

CJ 22/10 സുവിശേഷോത്സവ് 2010

നമ്മുടെ രൂപതയിലെ സൺഡേസ്കൂളുകളിൽ ഏപ്രിൽ മാസത്തിൽ നടത്തപ്പെട്ട ''സുവിശേഷോത്സവ് 2010'' വിജയകരമാക്കുവാൻ പരിശ്രമിച്ച ബഹു. വികാരിമാർ, മതാദ്ധ്യാപകർ, പി.ടി.എ പ്രതിനിധികൾ, പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർക്ക് ഹൃദ്യമായ അഭിനന്ദനങ്ങൾ.

CJ 23/10 എസ്.എസ്.സി.,എച്ച്.സി.സി റിസൽട്ട്

എസ്. എസ്. സി.,എച്ച്.സി.സി (10,12) ക്ലാസുകളിലെ വാർഷി

കപരീക്ഷയുടെ റിസൽട്ട് 2010 മെയ് മാസം 15-ാം തീയതിക്കുശേഷം ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും ലഭ്യമാണ്. 2010 മെയ് മാസം 31 -ാം തീയതിയ്ക്കകമായി സർട്ടിഫിക്കറ്റുകൾ, ലോഗോസ് ക്വിസ് 2009 ന്റെ മാർക്കു ലിസ്റ്റുമായി വന്ന് മാർക്കുകൾ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.(10, 12 ക്ലാസുകളിലെ പരീക്ഷകളിൽ വിജയിച്ച കുട്ടികൾക്ക് ലോഗോസ് ക്വിസ് മത്സരത്തിൽ 50% ത്തിൽ കൂടുതൽ മാർക്കുണ്ടെങ്കിൽ 5 മാർക്കു കൂടി ഗ്രേസ് മാർക്കായി നല്കുന്നതാണ്.) സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ഇന്റേണൽ അസസ്മെന്റ് മാർക്ക് കോളം നിർബന്ധമായും പൂരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വ്യക്തമായ വിവരങ്ങൾ ചേർത്ത് കൃത്യമായി പൂരിപ്പിക്കാത്ത സർട്ടിഫിക്കറ്റുകളിൽ മാർക്ക് പതിപ്പിച്ചു തരുവാൻ സാധിക്കുകയില്ല എന്ന വിവരം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

CJ 24/10 **പുസ്തക വിതരണം**

2010-2011 പ്രവർത്തന വർഷത്തെ സൺഡേസ്കൂൾ, റഗുലർ സ്കൂൾ ക്ലാസുകളിലെ പുസ്തകങ്ങൾ (വേദപാഠം, സന്മാർഗ്ഗം) ക്രിസ്തുജ്യോതി ഓഫീസിൽ നിന്നും 31-05-2010 മുതൽ വാങ്ങാവുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ തന്നെ മുഴുവൻ തുകയും തരേണ്ടതാണ്. യാതൊരു കാരണത്താലും വിറ്റ പുസ്തകങ്ങൾ തിരികെ എടുക്കുകയോ, കടമായി തരികയോ ചെയ്യുന്നതല്ല. പുസ്തകങ്ങൾക്ക് 2010 ജൂൺ മാസം 30-ാം തീയതി വരെ മാത്രമേ കമ്മീഷൻ വ്യവസ്ഥ ഉണ്ടായിരിക്കുകയുള്ളു. പുസ്തകവിതരണം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രം ആയിരിക്കും. പുസ്തകങ്ങൾ വാങ്ങുവാൻ വരുന്നവരുടെ ഉത്തരവാദിത്വത്തിൽ പുസ്തകങ്ങളുടെ എണ്ണം ബോധ്യപ്പെട്ട് കൊണ്ടുപോകേണ്ടതാണ്. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

CJ 25/10 **2010 ഏപ്രിൽ 14-ാം തീയതി നടത്തിയ സ്കോളർഷിപ്പു പരീക്ഷയിൽ ആദ്യത്തെ അഞ്ചു സ്ഥാനങ്ങൾ നേടിയവർ:-**

ക്ലാസ്സ് - IV

I. ജസ്റ്റിൻ സെബാസ്റ്റ്യൻ ചക്കാലയ്ക്കൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ പാണ്ടിപ്പാറ.

II. അനിറ്റ ജോസ് കാവളക്കാട്ട്, സെന്റ് തോമസ് സൺഡേ സ്കൂൾ, ആയിരമേക്കർ.
III. ആൽബർട്ട് വിൻസന്റ് മിറ്റത്താനിയിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ,പെരിഞ്ചാംകുട്ടി.
IV. ജൂബി സെബാസ്റ്റ്യൻ ഇളംപുരയിടത്തിൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പച്ചടി.
,, ആൽഫ തെരേസ്സാ കുര്യൻ ആശാരികുടിയിൽ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ, വാഴത്തോപ്പ്.
,, നെവിൻ കെ ജയിംസ് കോലംകുഴിയിൽ, സെന്റ് ബനഡിക്ട് സൺഡേസ്കൂൾ, സ്ലീവാമല.
V. ദീപ കെ ബെന്നി കല്ലംപുരയിടത്തിൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ, വെള്ളയാംകുടി.
,, അനുഷ്ക മേരി സണ്ണി പടിഞ്ഞാറേൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, മുരിക്കാശ്ശേരി.
,, ജോയൽ തോമസ്സ് തടത്തിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, കരിമ്പൻ.
,, അപർണ്ണ അബ്രാഹം മലേപ്പറമ്പിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, മുരിക്കാശ്ശേരി.

ക്ലാസ്സ് - V

I. ടെൽമ തോമസ് വള്ളോപ്പുരയ്ക്കൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പച്ചടി.
II. ആൻ ജോസഫ് നരിക്കുഴിയിൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പച്ചടി.
III. അമി ക്ലയർ തെക്കേവീട്ടിൽ, ഫാത്തിമാ മാതാ സൺഡേസ്കൂൾ, കൂമ്പൻപാറ.
IV. സ്നേഹ മോൾ സണ്ണി തയ്യിൽ, സെന്റ് ആന്റണീസ് സൺഡേ സ്കൂൾ എല്ലക്കൽ.
,, സോനു സണ്ണി പനച്ചിനാനിക്കൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ, പാലാർ
,, മരിയ റോജസ് മടിയ്ക്കാങ്കൽ, നിത്യസഹായമാതാ സൺഡേ സ്കൂൾ, എഴുകുംവയൽ.
V. സോനാ സൈമൺ പയറ്റുകാലാനിരപ്പേൽ, സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, ബൈസൺവാലി.
,, അജന്റോ സിബി കരുവേലിൽ, ക്രിസ്തുരാജ് സൺഡേ സ്കൂൾ, മഞ്ഞപ്പാറ.
,, അലീഷാ ഷാജു ഒറ്റപ്ലാക്കൽ, ദൈവമാതാ സൺഡേ സ്കൂൾ, രാജകുമാരി.
,, എൽസാ ബിജു ഇഞ്ചനാട്ട് , ദൈവമാതാ സൺഡേ സ്കൂൾ, രാജകുമാരി.

ക്ലാസ്സ് - VI

I. ടെസ്സ് മരിയാ തോമസ് പടിഞ്ഞാറേക്കുമ്പളത്ത്, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, ജോസ്പുരം.
II. അമല ട്രീസാ പാലക്കീൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, കരിമ്പൻ.
III. ആഞ്ചലാ റോസ് തോമസ് വെള്ളമാക്കൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, കരിമ്പൻ.
IV. ആൻ മരിയാ സിറിയക് ഇലഞ്ഞിയിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, മാങ്കുളം.
,, അമൽ മരിയാ സാജു തൈലമ്മനാൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, ജോസ്പുരം.

,, ആർഷ ടി. തോമസ് തെക്കേൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, പേഴുംകണ്ടം.

V. ക്രിസ്റ്റി ജോപോൾ ആശാരികുടിയിൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ, വാഴത്തോപ്പ്.

,, ശ്യാമിലി ജോയി വള്ളിയാംപൊയ്കയിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, കരിമ്പൻ.

,, ഡിനിൽ ജോസ് വള്ളിക്കാവുങ്കൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

,, അഞ്ജിത ബെന്നി, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, പൊട്ടൻകാട്.

ക്ലാസ്സ് - VII

I. ജിയോ ജോർജ്ജ് കുന്നുംപുറത്ത്, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

II. ജിറ്റി മാത്യു ആശാരികുടിയിൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

III. ജെറിൻ ജോസ് കൂനംപാറയിൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

,, റീമാ ജോസഫ് മംഗലത്തുകരോട്ട്, ദൈവമാതാ സൺഡേ സ്കൂൾ, രാജകുമാരി.

IV. ആതിരാ തോമസ് കൂനാനിക്കൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, പെരിഞ്ചാംകുട്ടി.

,, അൽക്ക അഗസ്റ്റിൻ കൂനംപാറയിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, കരിമ്പൻ.

V. നവ്യ മോൾ ഷാജി കുന്നയ്ക്കാട്ട്, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വെള്ളയാംകുടി.

,, അമൽപ്രിയ ജോർജ്ജ് ശൗര്യാംകുഴിയിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ,പെരിഞ്ചാംകുട്ടി.

,, മെൽന ജോയി വടശ്ശേരിൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പച്ചടി.

,, ദിയ തങ്കച്ചൻ പുത്തൻപുരയ്ക്കൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, മണിയാറൻകുടി

ക്ലാസ്സ് VIII

I. ആൻട്രീസാ ജെ കാപ്പൻ, കാപ്പിൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

II. അഞ്ജലി വിൻസന്റ് കുളത്തിങ്കൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

III. ജോമിയ ജോജി തലവയലിൽ, സെന്റ്തോമസ് സൺഡേ സ്കൂൾ, ചുരുളി.

IV. ജ്യോതിസ് മരിയാ ഫിലിപ്പ് കിഴക്കേൽ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, നെടുംകണ്ടം.

,, ലിസ്ത്ര തോമസ് പള്ളിപ്പറമ്പിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, വാഴവര.

,, റിനു ജോസഫ് വെള്ളീയ്ക്കക്കുടിയിൽ, സെന്റ്തോമസ് സൺഡേ സ്കൂൾ, ചുരുളി.

V. എമിൽഡ ബാബു പുളിക്കൽ, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, പനംകുട്ടി.

,, ഉല്ലാസ് ജോസഫ് വള്ളോനിക്കൽ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ, പഴയരിക്കണ്ടം.

,, എമിലിയാ ജോയി കൂനാനിക്കൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, പെരിഞ്ചാംകുട്ടി.

,, അലക്സ് ജെ കുന്നേൽ, ഫാത്തിമാ മാതാ സൺഡേസ്കൂൾ, കൂമ്പൻപാറ.

ക്ലാസ്സ് - IX

I. അഖില മാത്യൂസ് ഇരമംഗലത്ത്, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

II. മരിയ തങ്കച്ചൻ അറയ്ക്കൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

III. അനുറാണി കുര്യൻ കുത്തനാപ്പിള്ളിൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ, വാഴത്തോപ്പ്.

IV. ബോല ബേബി കൊടക്കല്ലിൽ, സെന്റ് മേരീസ് സൺഡേസ്കൂൾ, കരിമ്പൻ.

,, അമല ബോബൻ മൂഴിക്കുഴിയിൽ, സെന്റ് ജോൺ മരിയാ വിയാനി സൺഡേസ്കൂൾ, പണിക്കൻകുടി.

,, രേണുക രാജ് വള്ളപ്പുരയ്ക്കൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പച്ചടി.

V. രേഷ്മ ജോസഫ് മംഗലത്തുകരോട്ട്, ദൈവമാതാ സൺഡേ സ്കൂൾ, രാജകുമാരി.

,, ബിയോണ ജോസ് മുണ്ടയ്ക്കാട്ട്, സെന്റ് മേരീസ് സൺഡേസ്കൂൾ, കരിമ്പൻ.

,, അലീനാ ബെന്നി പഴയപീടികയിൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പച്ചടി.

,, അനു പ്രിയ ജോസ് കല്ലോലിയ്ക്കൽ, ദൈവമാതാ സൺഡേ സ്കൂൾ, രാജകുമാരി.

ക്ലാസ്സ് - X

I. ഡോണാ ജോസ് വള്ളിക്കാവുങ്കൽ, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ,വാഴത്തോപ്പ്.

II. അമല കെ ജോയി കടവിൽ, സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, നെടുംകണ്ടം.

III. ലിനറ്റ് ജോസഫ് മാളിയേക്കൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പച്ചടി.

IV. ആഷ്ലി അഗസ്റ്റ്യൻ കിഴക്കേപ്പറമ്പിൽ, സെന്റ്ഫ്രാൻസീസ് സേവ്യേഴ്സ് സൺഡേസ്കൂൾ, ചെമ്മണ്ണാർ.

,, ആര്യ കെ ജോസ് കടമ്പനാട്ട്, സെന്റ്ജോർജ്ജ് സൺഡേസ്കൂൾ, വാഴത്തോപ്പ്.

,, ലിറ്റി സിബി പള്ളിപ്പുറത്ത്, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പാണ്ടിപ്പാറ.

V. അപർണ്ണ അഗസ്റ്റിൻ മാനത്തൂർ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, കല്ലാർകുട്ടി.

,, അഞ്ജു ജോണി അക്കിപ്പറമ്പിൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, ഉപ്പുതോട്.

,, മരിയാ കുര്യൻ മുളങ്ങാശ്ശേരിൽ, സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പാണ്ടിപ്പാറ.

,, ജോസ്ന ജോയി ആപ്പാഞ്ചിറ, സെന്റ് ജോൺ മരിയാ വിയാനി സൺഡേസ്കൂൾ, പണിക്കൻകുടി.

CORPORATE EDUCATIONAL AGENCY, IDUKKI

Edn.15/10 **ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നു.**

മുരിക്കാശ്ശേരിയിൽകോളേജിനോടനുബന്ധിച്ചു പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ ജൂൺ മാസം മുതൽ M.G യൂണിവേഴ്സിറ്റിയുടെ B.Com with computer, B.Com with co-operation എന്ന രണ്ട് ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നു. വളരെയേറെ ജോലി സാധ്യതകളുള്ള ഈ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം മെയ് 15 മുതൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ ആരംഭിക്കുന്നു. പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്.

Edn.16/10 **അദ്ധ്യാപക നിയമനം**

നമ്മുടെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴുവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് യോഗ്യരായ അദ്ധ്യാപകാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. HSST English, HSST Economics (Open Post). HSST Physics, Chemistry, Sociology, Mathmatics (Leave Vacancies) എന്നീ തസ്തികകളിലേയ്ക്കാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. നിശ്ചിതയോഗ്യതയുള്ളവർ മെയ് 15 ന് മുമ്പ് രൂപതാ ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

Edn.17/10 **സംസ്കൃത അദ്ധ്യാപക നിയമനം**

നമ്മുടെ യു. പി സ്കൂളുകളിൽ സംസ്കൃത അദ്ധ്യാപകരായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിശ്ചിതയോഗ്യതയുള്ളവർ മെയ് 20 ന് മുമ്പ് രൂപതാ ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

Edn.18/10 **Claimants Meeting**

നമ്മുടെ സ്കൂളുകളിൽ ഹ്രസ്വകാല ഒഴിവുകളിൽ നിയമിതരായിട്ട് ഇനിയും സ്ഥിരം തസ്തികളിൽ നിയമനാംഗീകാരം ലഭിക്കാത്തവരുടെ (Claimants) ഒരു മീറ്റിംഗ് 2010 മെയ് 21 ന് വെള്ളിയാഴ്ച

രാവിലെ 10.30 ന് വാഴത്തോപ്പ് സെന്റ് ജോർജസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ചു കൂടുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഈ വിവരം ദയവായി പള്ളികളിൽ അറിയിച്ചു സഹകരിക്കുമല്ലോ.

സോഷ്യൽ സർവീസസ്

SS 26/10 **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്.**

ക്രെഡിറ്റ് യൂണിയനുകളുടെ വാർഷിക ഓഡിറ്റിംഗ് നടന്നു വരുന്നു. മെയ് മാസം 7-ാം തീയതി ഓഡിറ്റിംഗ് പൂർത്തിയാക്കും. ഓഡിറ്റിംഗ് നടത്തിയ എല്ലാ യൂണിറ്റുകളിലേയും ഓഡിറ്റ് റിപ്പോർട്ട് കഴിവതും വേഗം സെൻട്രൽ ഓഫീസിൽ എത്തിക്കുമല്ലോ.

SS 27/10 SAFP **കത്തുകൾ**

Save A family Plan ഗുണഭോക്താക്കൾ തങ്ങളുടെ ഉപകാരികൾക്ക് ഏപ്രിൽ മെയ് മാസത്തിൽ അയയ്ക്കേണ്ട കത്തുകൾ ഇനിയും ഓഫീസിൽ എത്തിച്ചിട്ടില്ലാത്തവർ കത്തുകൾ ഇംഗ്ലീഷിലാക്കി 25 രൂപയുടെ സ്റ്റാമ്പൊട്ടിച്ച് എയർമെയിൽ കവറിലാക്കി ഓഫീസിൽ എത്തിക്കുവാൻശ്രദ്ധിക്കുമല്ലോ.

SS 28/10 **ഗിരിജ്യോതി കാർഷിക നഴ്സറി**

മരിയാപുരത്തുള്ള HDS സെൻട്രൽ ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കാർഷിക നഴ്സറിയിൽ അത്യുൽപ്പാദനശേഷിയുള്ള കൊക്കോതൈകൾ വിതരണത്തിന് തയ്യാറാക്കിയിരിക്കുന്നു.8 രൂപയാണ് വില. ക്രെഡിറ്റ് യൂണിയനിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന സ്വാശ്രയ സംഘാംഗങ്ങൾക്ക് ഒരു രൂപ സബ്സിഡി HDSനൽകുന്നതാണ്. കൂടാതെ സിൽവർ ഓക്ക്, മഹാഗണി, ഗ്രാന്റീസ്, റബർ കൂടതൈകൾ എന്നിവയും വിതരണത്തിന് തയ്യാറാകുന്നു. തൈകൾ ആവശ്യമുള്ളവർ ഓഫീസിൽ മുൻകൂറായി ബുക്ക് ചെയ്യേണ്ടതാണ്.

SS 29/10 LED സോളാർ വിളക്കുകൾ

ഊർജ ഉപയോഗം പരമാവധി കുറയ്ക്കുന്ന LED സോളാർ വിളക്കുകൾ വിതരണം ചെയ്യുന്നു. 2000 രൂപ വിലയുള്ള വിളക്ക് സോളാർ പാനൽ ഉൾപ്പെടെ 1700 രൂപയ്ക്ക് ലഭ്യമാണ്. ക്രെഡിറ്റ് യൂണിയനുകൾക്കും സ്വാശ്രയ സംഘാഗങ്ങൾക്കും തവണവ്യവസ്ഥയിലും ഇവ ലഭ്യമാണ്. 750 രൂപ വിളക്ക് വാങ്ങുന്ന സമയത്തും ബാക്കി തുക 350 രൂപ വീതം 3 പ്രതിമാസ തവണകളായും നൽകണം. 10മുതൽ 12 മണിക്കൂർവരെ തുടർച്ചയായി ഉപയോഗിക്കാവുന്നതും രണ്ട് വർഷ റീപ്ലേസിംഗ് ഗാരണ്ടിയുള്ളതുമായ വിളക്കുകളാണ് കമ്പനി നൽകുന്നത്. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

SS 30/10 ജനശ്രീ ബീമാ യോജന

LIC യുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പരമാവധി അംഗങ്ങളെ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ. അപേക്ഷാ ഫോറവും വിശദവിവരങ്ങളുമടങ്ങുന്ന സർക്കുലർ എല്ലാ യൂണിറ്റുകളിലേയ്ക്കും അയയ്ക്കുന്നുണ്ട്. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 30 ന് മുൻപായി ഓഫീസിൽ എത്തിക്കുമല്ലോ.

SS 31/10 നേഴ്സിംഗ് പഠന സഹായം

കണ്ടോത്ത് ഫൗണ്ടേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്ന നേഴ്സിംഗ് പഠനസഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. ആദ്യം പേര് ലഭിക്കുന്ന 35 പേർക്ക് മാത്രമായിരിക്കും സ്കോളർഷിപ്പ് ലഭിക്കുക. ഓരോ വർഷവും 12000/- രൂപയാണ് സ്കോളർഷിപ്പായി ലഭിക്കുന്നത്. ജനറൽ നേഴ്സിംഗിന് പഠിക്കുന്ന കുട്ടികൾക്കാണ് സഹായം ലഭ്യമാകുന്നത്. ക്രെഡിറ്റ് യൂണിയനിലോ സ്വാശ്രയ സംഘങ്ങളിലോ അംഗങ്ങളായവരുടെ കുട്ടികൾ മാത്രം അപേക്ഷിച്ചാൽ മതിയാകും വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുമല്ലോ?

ചെറുപുഷ്പ മിഷൻ ലീഗ്

CML 11/10 സംസ്ഥാന മാനേജിംഗ് കമ്മറ്റിക്യാമ്പ്

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന മാനേജിംഗ് കമ്മറ്റി ക്യാമ്പ് 2010 ഏപ്രിൽ 17,18 തീയതികളിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നടന്നു. സംസ്ഥാനപ്രസിഡന്റ് ശ്രീ ബിനോയി പള്ളിപ്പറമ്പിൽ അധ്യക്ഷതവഹിച്ച യോഗം ഇടുക്കി രൂപതാധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഇടുക്കി രൂപതാ ഡയറക്ടർ ഫാ. കുര്യൻ കുര്യാസ്, ഫാ. ജോർജി പള്ളിക്കുന്നേൽ,നോബിൾ വലിയമറ്റം ഫാ. ആന്റണി പുതിയാപറമ്പിൽഎന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീ. ജോർജുകുട്ടി ആഗസ്തി ക്യാമ്പ് നയിച്ചു. 17 രൂപതകളിൽ നിന്നായി 70 ഓളം അംഗങ്ങൾ പങ്കെടുത്തു.

CML 12/10 എക്സിക്യൂട്ടീവ്

സി.എം.എൽ രൂപത എക്സിക്യൂട്ടീവ് 2010 ഏപ്രിൽ 8-ാം തീയതി ഇടുക്കി ബിഷപ്സ് ഹൗസിൽ പ്രസിഡന്റ് ശ്രീ നോബിൾ വലിയമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടി.

CML 13/10 ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

ചെറുപുഷ്പമിഷൻലീഗ് ഇടുക്കി രൂപതയിലെ ശാഖാമേഖല മോഡറേറ്റർ സിസ്റ്റർമാരുടെ സംഗമം 2010 മെയ് മാസം 27-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ബിഷപ് ഹൗസിൽ വച്ചു നടത്തുന്നു. എല്ലാ മോഡറേറ്റർ സിസ്റ്റർമാരും പങ്കെടുത്ത് സഹകരിക്കുമല്ലോ.

CML 14/10 വാർഷിക റിപ്പോർട്ട്

2009-2010 പ്രവർത്തനവർഷത്തെ ശാഖ-മേഖല പ്രവർത്തന റിപ്പോർട്ടുകൾ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. റിപ്പോർട്ട് ഫോം ലഭിക്കാത്ത ശാഖകൾ മേഖല കേന്ദ്രത്തിൽ നിന്നും വാങ്ങേണ്ടതാണ്.

കെ.സി.എസ്.എൽ.

KCSL 15/10 **കെ.സി.എസ്.എൽ സംസ്ഥാനനേതൃത്വ പരിശീലന ക്യാമ്പ്**

2010 ഏപ്രിൽ 19 മുതൽ 23 വരെ വടവാതൂർ സെന്റ് തോമസ് സെമിനാരിയിൽ വച്ചു നടന്ന കെ.സി.എസ്.എൽ സംസ്ഥാനനേതൃത്വപരിശീലന ക്യാമ്പിൽ നമ്മുടെ രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നുമായി 18 കുട്ടികൾ പങ്കെടുത്തു. ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്കും അവരെ തയ്യാറാക്കി അയച്ച ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി.

KCSL 16/10 **നന്ദി**

കെ.സി.എസ്.എൽ രൂപതാ പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്ന സി. പ്രശാന്തി സി.എം.സി ജോയിന്റ് ഡയറക്ടർ സ്ഥാനത്തുനിന്നും വിരമിക്കുന്നു. രൂപതയുടെ ആരംഭം മുതൽ കെ.സി.എസ്.എൽ സംഘടനയുടെ വളർച്ചയ്ക്കായി സിസ്റ്റർ ചെയ്ത സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. സിസ്റ്ററിന് കെ.സി.എസ്.എൽ രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

KCSL 17/10 **നന്ദി**

കെ.സി.എസ്.എൽ 2009-2010 അദ്ധ്യയനവർഷത്തെ പ്രവർത്തനങ്ങൾ ദൈവാനുഗ്രഹത്താൽ വിജയകരമായി പൂർത്തിയാക്കാൻ നമുക്കു സാധിച്ചു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ആനിമേറ്റേഴ്സിന് പ്രത്യേകം നന്ദി അടുത്ത അദ്ധ്യയനവർഷം കൂടുതൽ തീക്ഷണതയോടെ നമുക്കു കർമ്മപഥത്തിലിറങ്ങാം.

കെ.സി.വൈ.എം.

KCYM17/10 **മലയാറ്റൂർ തീർത്ഥാടനം**

23- 03- 10 ചൊവ്വ, KCYM ന്റെനേതൃത്വത്തിൽ യുവജനങ്ങൾ കാൽനടയായി മലയാറ്റൂർ തീർത്ഥാടനം നടത്തി. KCYM ഡയറക്ടർ ഫാ.ജോസ് മാവേലിക്കുന്നേൽ നേതൃത്വം നടത്തിയ ഈ യാത്രയിൽ 15-ഓളം യുവജനങ്ങൾ പങ്കെടുത്തു.മലയാറ്റൂർ മലമുകളിൽഫാ. ജോസ് മാവേലിക്കുന്നേൽ ദിവ്യബലിയർപ്പിച്ചു.

KCYM18/10 **കുരിശുമലകയറ്റം**

28-3-10 ഞായർ, KCYM രൂപതാ ഭാരവാഹികൾ ഫാ.ജോസ് മാവേലിക്കുന്നേലിന്റെ നേതൃത്വത്തിൽ എഴുകുംവയൽ കുരിശുമല കയറി.

KCYM19/10 **ജീവിതദർശന ധ്യാനം**

2010 ഏപ്രിൽ 18-ാം തീയതി മുതൽ 22 വരെ എല്ലക്കൽ സ്നേഹസദനിൽ വച്ച് 10,12 ക്ലാസുകളിലെ കുട്ടികൾക്കായി ഒരു ജീവിതദർശനധ്യാനം നടത്തി. ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ നേതൃത്വം നല്കി.

KCYM20/10 **മാർഗ്ഗരേഖ പ്രകാശനം**

2010 ഏപ്രിൽ 15 ന് കഞ്ഞിക്കുഴിയിൽ വച്ച് കെ.സി.വൈ.എം മാർഗ്ഗരേഖ 'വീഥി 2010' പ്രകാശനവും രക്തനിർണ്ണയ ക്യാമ്പും നടത്തി. ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ വീഥി പ്ര കാശനം ചെയ്ത് സന്ദേശം നല്കി.

KCYM21/10 **അംഗത്വ മാസാചരണം**

2010 ഏപ്രിൽ 10-ാം തീയതി മുതൽ മെയ് 10-ാം തീയതി വരെ വികസിതരാഷ്ട്രം വിശ്വാസതലമുറയിയിലൂടെ എന്ന ആപ്തവാക്യത്തെ മുൻനിർത്തി ഈ വർഷം KCYM അംഗത്വമാസാചരണമായി ആഘോഷിക്കുന്നു.

KCYM22/10 **നന്ദി**

2009-2010 വർഷങ്ങളിൽ KCYM ഇടുക്കി രൂപതയുടെ ഓഫീസ് സെക്രട്ടറിമാരായി സേവനമനുഷ്ടിച്ച ബ്ര. ജിൻസ് കരിന്തേലിനും ബ്ര. ഷിന്റോ ശൗര്യാംകുഴിക്കും KCYM ഇടുക്കി രൂപതയുടെ ഹൃദ്യമായ നന്ദി

KCYM23/10 **പാനൽ ചർച്ച കഞ്ഞിക്കുഴി**

2010 ഏപ്രിൽ 15-ാം തീയതി വ്യാഴാഴ്ച കഞ്ഞിക്കുഴിയിൽ വച്ച് KCYM ന്റെ നേതൃത്വത്തിൽ പരിസ്ഥിതി, കുടുംബം, ഗ്രാമസഭ, സന്നദ്ധസേവനം എന്നീ വിഷയങ്ങളിൽ പാനൽ ചർച്ച സംഘടിപ്പിക്കപ്പെട്ടു. ഫാ. ഷിന്റോ വെട്ടിക്കൽ ഉദ്ഘാടനം ചെയ്ത ഈ പാനൽ ചർച്ചയിൽ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര, സി. സിജാ മരിയ സി.എം.സി, ജിൻസി റോസ് മുണ്ടനാനി, ഷിജോ തടത്തിൽ എന്നിവർ വിഷയാവതരണം നടത്തി. ശ്രീ. റ്റോമി കുന്നേൽ കോ-ഓർഡിനേറ്ററായി നിലകൊണ്ടു.

KCYM24/10 **ഇന്റർവ്യു - സ്പാർക്ക്**

2010 മെയ് 23-ാം തീയതി ഞായറാഴ്ച രാവിലെ 11 മണി മുതൽ ഇടുക്കി ബിഷപ്പ് ഹൗസിൽ വച്ച് കെ.സി.വൈ.എം ഇടുക്കി രൂപത സ്പാർക്കിന് മുന്നോടിയായുള്ള ഇന്റർവ്യു നടത്തുന്നു. ഒരു ഇടവകയിൽ നിന്നും രണ്ട് യുവാക്കളെയും രണ്ട് യുവതികളെയും ഇന്റർവ്യുനായി പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

KCYM25/10 **കനകക്കുന്ന് യൂണിറ്റ് രൂപീകരണം**

കനകക്കുന്ന് ഇടവകയിൽ കെ.സി.വൈ.എം പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തുകൊണ്ട് ''ജ്വാല 2010'' സംഘടിപ്പിച്ചു. കെ.സി.വൈ.എം ഡയറക്ടർ ഫാ. ജോസ് മാവേലിക്കുന്നേൽ യൂണിറ്റ് ഉദ്ഘാടനം ചെയ്ത് ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് ശ്രീ. സണ്ണി കടുത്താഴെ 50 ഓളം വരുന്ന യുവജനങ്ങൾക്ക് ക്ലാസുകൾ നല്കി.

ഫാമിലി അപ്പസ്തോലേറ്റ്

FA 15/10 **വൈദികർക്ക് ദാമ്പത്യ കൗൺസലിങ്ങ് പരിശീലനം**

2010 ജൂൺ 20 ഞായറാഴ്ച വൈകുന്നേരം 6 മുതൽ 24 വ്യാഴം 2 pm വരെ നൂതന രീതിയിലുള്ള ഒരു കൗൺസലിങ്ങ് പരിശീലനം അടിമാലി ആത്മജ്യോതിയിൽ വച്ച് ക്രമീകരിച്ചിരിക്കുന്നു. തീർത്തും സൗജന്യമായി ഒരുക്കിയിരിക്കുന്ന ഈ സംരംഭത്തിലേക്ക് 10 സീറ്റുകൾ കൂടിയുണ്ട്. 2010 മെയ് 28 ന് മുമ്പായി താല്പര്യമുള്ള വൈദികർ താഴെ നല്കുന്ന ഫോൺ നമ്പറുകളിൽ അറിയിക്കേണ്ടതാണ്.

04864 - 225450 (9.30 am to 5 pm)

9446129677 (24 hours)

FA 16/10 **ടീനേജ് കൗൺസലിങ്ങ് അവസാനഘട്ടം**

2010 ജനുവരിയിൽ തുടങ്ങിയ പരിശീലനത്തിൽ 60 ൽ അധികം അദ്ധ്യാപകർ പങ്കെടുക്കുന്നു. മെയ് 8, 9 തീയതികളിൽ സി.ഡോ. ഷാലു കോയിക്കര എസ്.എച്ച് ന്റെ ക്ലാസ്സോടുകൂടി പരിശീലനം അവസാനിക്കുന്നു. പിന്നീട് മൂന്നു മാസത്തിലൊരിക്കൽ ഏകദിനപരിശീലനങ്ങൾ മാത്രമേ ഉണ്ടാകൂ. പങ്കെടുക്കുന്ന എല്ലാവർക്കും രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

ജൂൺ മാസത്തിൽ വിവാഹ ഒരുക്ക സെമിനാർ ഒന്നു മാത്രമേ ഉണ്ടായിരിക്കുകയുള്ളു. (ജൂൺ 1-4)

FA 17/10 **വിവാഹ ഒരുക്ക സെമിനാർ**

2010 മെയ് - 4-7- ചൊവ്വ -വെള്ളി
2010 മെയ് - 18-21- ചൊവ്വ -വെള്ളി

ആത്മജ്യോതിയിലെ പരിപാടികൾ

മെയ് 1 -ജീവിത ദർശന ക്യാമ്പ്
3 -Training Programme
4-7 - Pre - Marriage Course
8-9 - Counceling Course

11 -മാതൃദീപ്തി
9-14 - ആന്തരീക സൗഖ്യധ്യാനം
15-16 - വിൻസെന്റ്ഡി പോൾ പ്രോഗ്രാം
18-21 - Pre - Marriage Course
24-26 -Training Programme
27-29 -Training Programme

പ്രാർത്ഥനാഗ്രൂപ്പ്

ഇടുക്കി രൂപതാ ദമ്പതി സംഗമം - ജീവാഗ്നി 2010

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ ഭാഗമായി ലോർഡലസ് കപ്പിൾസ് മിനിസ്റ്ററിയുടെ നേതൃത്വത്തിൽ രൂപതയിലെ ദമ്പതികളെ പങ്കെടുപ്പിച്ചുകൊണ്ട് 2010 മെയ് മാസം 22 -ാം തീയതി ശനിയാഴ്ച ''ജീവാഗ്നി'' 2010 ദമ്പതി സംഗമം മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് 9 am മതൽ 4 pm വരെ നടത്തപ്പെടുന്നു. ഇടുക്കി രൂപതാമെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

നേതൃത്വം കൊടുക്കുന്നത്

1. റവ.ഫാ. ജോസ് കുന്നുംപുറം
2. റവ.ഫാ. ജോസ് നരിതൂക്കിൽ
3. റവ.ഫാ. തോമസ് വലിയമംഗലം
4. ശ്രീ. സുനിൽ നരിക്കുഴക്കുന്നേൽ (അസ്സീസി ഭരണങ്ങാനം)

സബ്സോൺ സർവ്വീസ് ടീം കൂട്ടായ്മ

2010 മെയ് 9 ഞായറാഴ്ച 5 pm മുതൽ 10 pm വരെ വാഴത്തോപ്പ്, തോപ്രാംകുടി, പാറത്തോട്, ജോസ്ഗിരി, അടിമാലി എന്നീ സബ്സോണുകളുടെ സംയുക്തകൂട്ടായ്മ കൂമ്പൻപാറ ഫാത്തിമ മാതാ പള്ളിയിൽവച്ച് നടത്തപ്പെടുന്നു.

എന്ന്

സ്നേഹപൂർവ്വം

ഫാ.ജോസ് കുന്നുംപുറം

മാതൃദീപ്തി

മദ്യവിപത്തിനെതിരെ ഏകദിന ശിൽപശാലയും മേഖലാ മദ്യവിരുദ്ധ പദയാത്രകളും

മുരിക്കാശേരി പാവനാത്മകോളേജിൽ വച്ച് 2010മെയ് 1 നു മാതൃദീപ്തി ശാഖാ ഭാരവാഹികൾക്കും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുമായി ഏകദിനബോധവൽക്കരണം നടത്തുന്നു. എല്ലാശാഖകളിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കുകയും മേഖലാതലങ്ങളിലെ മദ്യവിരുദ്ധ പദയാത്രകൾക്ക് നേതൃത്വം നല്കുകയും ചെയ്യുമല്ലോ.2010 മെയ് 24 മുതൽ 30 വരെ മേഖലാപദയാത്രകൾ ക്രമീകരിക്കാൻ മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കണം.

സ്കൂൾ ബാഗുകൾ സമ്മാനം

മാതൃദീപ്തി കൂടുതൽ കുട്ടികൾ ഉള്ള കുടുംബങ്ങളെ ആദരിക്കുന്നതിന്റെ ഭാഗമായി 4 ൽ കൂടുതൽ കുട്ടികൾ ഉള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂൾ ബാഗ് സമ്മാനം നല്കുന്ന വിവരം നേരത്തെ അറിയിച്ചിരുന്നല്ലോ. ഇനിയും ഇടവകകളിൽ നിന്നും പേര് നല്കാനുള്ളവർ മെയ് 15-നുമുൻപായി (മാതൃദീപ്തി ഡയറക്ടർ, ബിഷപ്സ് ഹൗസ്, കരിമ്പൻ എന്ന വിലാസത്തിൽ) അറിയിക്കുമല്ലോ.

വാർഷികറിപ്പോർട്ടുകൾ തയ്യാറാക്കൽ

ശാഖാ മേഖല തലങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 2010 മെയ് 20ന് മുൻപായി നല്കാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. മെയ് 1 ന് മുരിക്കാശേരിയിൽ വരുമ്പോൾ കൂടുതൽ വിവരങ്ങൾ അറിയ്ക്കുന്നതാണ്.

ഏകസ്ഥകൂട്ടായ്മ രൂപതാ തിരഞ്ഞെടുപ്പ്

ഏകസ്ഥകൂട്ടായ്മയുടെ നേതൃതിരഞ്ഞെടുപ്പ് 2010 മെയ് 10ന് കരിമ്പനിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 10.30ന് മുൻപായി രൂപതാകാര്യാലയത്തിലെ ആഡിറ്റോറിയത്തിൽ വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ ശ്രദ്ധിക്കണം. നമ്മുടെ ഇടവകകളിൽ നിന്നും ഒരാളെ എങ്കിലും പറഞ്ഞയയ്ക്കാൻ ബഹു.വികാരിയച്ചൻമാർ സഹകരിക്കണേ.

വനിതാ കമ്മീഷൻ

ഫൊറോന കൂട്ടായ്മകൾ രൂപികരിക്കൽ

ഫൊറോന ഘടകങ്ങൾ രൂപീകരിക്കാൻ അസൗകര്യം മൂലം സാധിക്കാത്ത മേഖലകളിൽ 2010 മെയ് 28ന് മുൻപായി ഫൊറോന തല സമിതികൾ രൂപീകരിച്ച് വിവരം (ഡയറക്ടർ, വനിത കമ്മീഷൻ ബിഷപ്സ് ഹൗസ് കരിമ്പൻ) എന്ന വിലാസത്തിലറിയിക്കുമല്ലോ.

കുടുംബകൂട്ടായ്മ

കൂട്ടായ്മകളിൽ ചർച്ചചെയ്യാൻ

2007 നവംമ്പർ 17 ന് കേരള സർക്കാർ രൂപീകരിച്ച കേരള നിയമ പരിഷ്ക്കരണ കമ്മീഷൻ തയ്യാറാക്കിയ ബില്ലുകളുടെ ഡ്രാഫ്റ്റ് കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ 2009 ജനുവരി 26-ാം തീയതി സർക്കാരിനു കൈമാറി. ഈ നിയമപരിഷ്ക്കരണ ആശയങ്ങളെല്ലാം നിർദ്ദേശങ്ങൾ മാത്രമാണ്. നിയമങ്ങളല്ല. ഈ നിർദ്ദേശങ്ങളെ സഭ പ്രതിഷേധിക്കാനുള്ള കാരണങ്ങൾ താഴെ കൊടുക്കുന്നു.

(**a**) ദൈവവിശ്വാസത്തെ നിരാകരിക്കുകയും മനുഷ്യാവകാശത്തേയും ധാർമ്മികമൂല്യങ്ങളേയും നിഷേധിക്കുകയും ചെയ്യുന്ന ശുപാർശകൾ പുതിയ നാല് ബിൽ നിർദ്ദേശങ്ങളിലുണ്ട്.

(**b**) സഭാസ്വത്തുക്കളും സഭാസ്ഥാപനങ്ങളും കയ്യടക്കാനുള്ള ഗൂഢതന്ത്രം ഇതിൽ ഒളിഞ്ഞിരിപ്പുണ്ട്. സഭാശത്രുക്കൾ ഇക്കൂടെ താല്പര്യപൂർവ്വം കൂടിയിട്ടുണ്ട്.

(**c**) ഇൻഡ്യൻ ഭരണഘടനയുടെ അന്ത:സത്തയെ ഹനിക്കുന്ന ഘടകങ്ങളും ശുപാർശകളും ഈ നിർദ്ദേശങ്ങളിലുണ്ട്.

(**d**) മനുഷ്യജീവന്റേയും മതസ്വാതന്ത്ര്യത്തിന്റേയും മേലുള്ള സർക്കാരിന്റെ അധിനിവേശ പ്രവണത ഈ ബില്ലുകളിലുണ്ട്.

തീർച്ചയായും ചില കെണികൾ ഈ പരിഷ്ക്കരണശുപാർശകളിൽ ഒളിഞ്ഞിരിപ്പുണ്ട്. അവ മൗലികാവകാശ ലംഘനത്തിന്റേയും അധാർമ്മികതയുടേയും ദൈവനിഷേധത്തിന്റേതുമാണ്. മതസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റവും ഇതിൽ കാണാം.

ഈ പരിഷ്ക്കരണനിർദ്ദേശങ്ങളെപ്പറ്റി എല്ലാ കുടുംബകൂട്ടായ്മകളിലും ചർച്ച ചെയ്ത് മനസ്സിലാക്കേണ്ടതും സഭാവിരുദ്ധമായ ഈ ആശയങ്ങളെ ശക്തമായി എതിർത്ത് പ്രതിഷേധക്കുറിപ്പ് ഗവർമെന്റധികാരികൾക്ക് (മുഖ്യമന്ത്രി, ഗവർണർ തുടങ്ങിയവർക്ക്) അയച്ചുകൊടുക്കേണ്ടതുമാണ്. വിശദമായി ഈ കാര്യങ്ങളെപ്പറ്റി മനസ്സിലാക്കണമെന്നുള്ളർക്ക് ഇവയെപ്പറ്റി പ്രതിപാദിക്കുന്ന ബുക്ക്ലെറ്റ് രൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

സെമിനാറുകൾ, സ്റ്റഡി ക്ലാസ്സുകൾ

എല്ലാ രൂപതകളിലും തന്നെ, ആധുനിക സഭയുടെ ഒരു മുഖമുദ്ര എന്നവിധം, സഭയുടെ കർമ്മപദ്ധതിയുടെ ഭാഗമായി വളർന്നുവന്നുകൊണ്ടിരിക്കുന്ന കൊച്ചുകൊച്ചു അയൽകൂട്ടായ്മകൾക്ക് വേണ്ട ഉത്തേജനം പകരാൻ, സെമിനാറുകളും സ്റ്റഡിക്ലാസ്സുകളും അറേൻജ് ചെയ്യാവുന്നതാണ്. അയൽപക്ക കൂട്ടായ്മകൾ ശക്തിപ്പെട്ടാൽ ഇടവക സജീവമാകും. ഇടവകകൾ സജീവമായാൽ രൂപത സജീവമാകും. സജീവ സാക്ഷ്യം വഹിക്കാൻ പോരുന്ന രൂപത അനേകർക്ക് തണൽ നല്കും. ആശ്വാസം പകരും.

പുതിയ ശുശ്രൂഷകർ

കഴിഞ്ഞ നാളുകളിൽ കൂട്ടായ്മകളെ സേവിച്ച ശുശ്രൂഷകർക്ക് പകരം പുതിയ ശുശ്രൂഷകരെ ഈ മേയ്, ജൂൺ മാസങ്ങളിലായി തിരഞ്ഞെടുക്കാവുന്നതാണ്. അങ്ങനെ പലരുടെ ശുശ്രൂഷാവൈഭവങ്ങളിലൂടെ കൂട്ടായ്മകൾ ശക്തിപ്പെട്ട് വളരും ഫലം പുറപ്പെടുവിക്കും ബഹു.വികാരിയച്ചന്മാരുടെ നിർദ്ദേശമനുസരിച്ച് വേണ്ടത് ചെയ്യുക.

ആദിമസഭയിലെ ''പുതിയ മാർഗ്ഗം''

ആദിമസഭാമക്കൾ അപ്പസ്തോലന്മാരുടെ പ്രബോധനങ്ങൾ അനുസരിച്ച് അവർക്ക് സ്വന്തമായുണ്ടായിരുന്നതെല്ലാം പൊതുവായി പങ്കുവച്ച് ഒരുമിച്ച് ദൈവത്തെ സ്തുതിച്ച് പരസ്പരം സഹോദരങ്ങളുമായി പരിഗണിച്ച് ഒരേ ഹൃദയത്തോടും മനസ്സോടും കൂടെ പരസ്പരം പ്രോത്സാഹിപ്പിച്ച് സാംസ്കാരികവും ഭാഷാപരവും മാനുഷികവുമായ എല്ലാ ഘടകങ്ങളേയും അതിജീവിച്ച് സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിച്ച് മാപ്പുചോദിച്ച് ഒരു പുതിയജീവിതപാത

സ്വീകരിച്ചവരായിത്തീർന്നു. ഈ പുതിയ മാർഗ്ഗത്തിലേയ്ക്ക് വന്ന വർ മുതിർന്നവരേയും ആചാര്യന്മാരേയും ആദരിക്കുകയും എല്ലാ വരേയും സഹോദരീസഹോദരങ്ങളായി സ്വീകരിക്കുകയും അലി വോടെ സ്നേഹത്തോടെ നല്ല സംസാരത്തിലൂടെ നല്ല പെരുമാറ്റ ത്തിലൂടെ ഒരു പുതിയ സമൂഹസൃഷ്ടി സാധിക്കുകയും ചെയ്തു.

ഡയറക്ടർ

അറിയിപ്പുകൾ

പുതിയ സാരഥികൾ
ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് ഔർ ലേഡി ഓഫ് ഗ്രേയ്സെസ്

സുപ്പീരിയർ ജനറൽ	- റവ. സി. രഞ്ജിനി
അസി. സുപ്പീരിയർ ജനറൽ	- റവ. സി. പുഷ്പ
ജനറൽ കൗൺസിലേഴ്സ്	- റവ. സി. ജെസ്സി
	- റവ. സി. ജെയ്ൻ
	- റവ. സി. ലീന

രൂപതാദ്ധ്യക്ഷന്റെ ഡയറി

മാർച്ച് 2010

24. അഭിവന്ദ്യപിതാവ് പാണ്ടിപ്പാറ ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശിന്റെ വഴിയുടെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.
25. ഇഞ്ചത്തൊട്ടി ഇടവകയിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.
26. ചിന്നാർനിരപ്പ് ഇടവകയിൽ 40-ാം വെള്ളി ആചരണത്തോടനു ബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.
28. വാഴത്തോപ്പ് കത്തിഡ്രൽ ഇടവകയിൽ ഓശാന ഞായർ തിരു

ക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം നല്കി.

30. രൂപതാ മൈനർസെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ പങ്കെ ടുത്ത കുട്ടികൾക്ക് Interview നടത്തി.

ഏപ്രിൽ 2010

1. വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വി.മൂറോൻ കൂദാശ ചെയ്തു.

* വാഴത്തോപ്പ് കത്തീഡ്രൽ ഇടവകയിൽ പെസഹായുടെ തിരു ക്കർങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2. വാഴത്തോപ്പ് കത്തീഡ്രൽ ഇടവകയിൽ ദുഃഖവെള്ളിയുടെ തിരു ക്കർങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
3. വാഴത്തോപ്പ് കത്തീഡ്രൽ ഇടവകയിൽ വലിയശനിയുടെ തിരു ക്കർങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
4. വാഴത്തോപ്പ് കത്തീഡ്രൽ ഇടവകയിൽ ഈസ്റ്റർദിന തിരു ക്കർങ്ങൾക്ക് മുഖ്യകാർമ്മികത്വം നൽകുകയും ഈസ്റ്റർ സന്ദേശം നല്കുകയും ചെയ്തു.
5. തോപ്രാംകുടി സി.എം.സി. കോൺഗ്രിഗേഷന്റെ പുതുക്കിപ്പണിത മഠം വെഞ്ചിരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നല്കു കയും ചെയ്തു.
7. നെടുങ്കണ്ടം ഇടവകയിൽ OFM. Conv സഭാംഗമായ ബഹു. ഡീ ക്കൻ കുരിയാക്കോസ് മറ്റത്തിലിന് തിരുപ്പട്ടം നല്കി.
8. രാജാക്കാട് സെന്റ്. ജോൺസ് ഹോസ്പിറ്റൽ വെഞ്ചിരിക്കുക യും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.
10. പനംകുട്ടി ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ആരംഭം കുറിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നല്കു കയും ചെയ്തു.
11. എറണാകുളം രൂപത നേന്ത്രക്കാട്ട് ഇടവകയിൽ പുതുഞായറി നോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

14. വെൺമണി ഇടവകയിൽ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

* രാജാക്കാട് ഇടവകയിൽ ബഹു. ജോസ് കിഴക്കേൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15. വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എസ്.എ.ബി.എസ്. കോൺഗ്രിഗേഷനിലെ നവസന്യാസിനികൾക്ക് സഭാവസ്ത്രം നല്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

16. രാജാക്കാട് ഇടവകയിൽ ബഹു. അബ്രാഹം ചെറുപുറം അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

18. ഇരിങ്ങാലക്കുട കത്തീഡ്രൽ ദൈവാലയത്തിൽ വച്ചുനടന്ന മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

19. ഇരട്ടയാർ ഇടവകയിൽ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

BISHOP'S ENGAGEMENTS

May 2010

	Place	***Programe***	***Time***
1	*Rajamudy SH*	*Vestition*	*9.30 am*
*	*Murickassery*	*Snehamandhiram*	
*	*Kanjikuzhi*		*3.30 pm*
*	*Pottenkadu*		*5.30 pm*
2	*Pottenkadu*	*Pastoral Visit*	
3	*Kunjithanni*		
*	*Murickassery*		*3.00 pm*
4	*Kunjithanni*		*11.00 am*
5	*Adimaly*	*CMC Vestition*	*9.30 am*

*	*Minor Seminary*		*3.00 pm*
6	*Kailasm*	*Ordination*	
*	*Erattayar*		*2 .00 pm*
7	*Mysoor*		
8	*Mysoor*		
9	*Pala*		
10	*Murickassery*		*6.30 am*
11	*Pala*	*Monthly*	
12	*Pala*	*Monthly*	
*	*Thopramkudy*		*4.30 pm*
13	*Pampumkayam (Alphonsapuram)*		*9.30 am*
14	*POC*		
*	*Athmajyothy*		*3.00 pm*
15	*Muttukadu*		*7.30 am*
16	*Bisonvalley*	*Pastoral Visit*	
17	*Vellayamkudy*		*3.30 pm*
18	*Narakakkanam*		*12 Noon*
19	*Engaged*		
20	*Engaged*		
21	*Engaged*		
22	*Murickassery*		*10.00 am*
24	*Engaged*		
25	*Engaged*		
26	*Calvarymount(Kattappana)*		
27	*Engaged*		
28	*Engaged*		
29	*Engaged*		
31	*Engaged*		